# ആവടി സോഷ്യലിസത്തിൽനിന്ന് അർധകൊളോണിയൽ പദവിയിലേക്ക്

ഇ.എം.എസ് നമ്പൂതിരിപ്പാട്

Library & Research Center
335

(സി.പി.ഐ എം കേരള സംസ്ഥാനകമ്മിറ്റി പ്രസിദ്ധീകരിക്കുന്നത്)

വില: 1.00

PC Library & Research Center
4203

# ആവടി സോഷ്യലിസത്തിൽനിന്ന് അർധ കൊളോണിയൽ പദവിയിലേക്ക്

## (ഇന്ത്യാ ഗവർമെണ്ടിൻെറ സാമ്പത്തിക- രാഷ്ട്രീയ നയങ്ങളെക്കുറിച്ച് ഒരന്വേഷണം)

### പിന്തുടരലോ തള്ളിക്കളയലോ?

നരസിംഹറാവു ഗവർമെണ്ട് അധികാരമേറ്റതോടെ ഒരു "പുത്തൻ സാമ്പത്തികനയം" അംഗീകരിക്കപ്പെട്ടുവല്ലോ. ഇതുസംബന്ധിച്ചു പരസ്പരവിരുദ്ധമായ രണ്ടു ന്യായീകരണങ്ങൾ ആ ഗവർമെണ്ടിൻെറ വക്താക്കൾ നൽകിയതു ശ്രദ്ധേയമാണ്.

ഒന്നാമത്തെ ന്യായീകരണം മഹാത്മാഗാന്ധിയുടേയും ജവഹർലാൽ നെഹ്റുവിൻേറയും നയങ്ങൾ തുടരുകയാണ് തങ്ങൾ ചെയ്യുന്നതെന്നായിരുന്നു. ഇതു ജനങ്ങൾക്കു ബോധ്യപ്പെ

ടാൻ കഴിയില്ല. എന്തുകൊണ്ടെന്നാൽ,

(എ) സ്വാതന്ത്ര്യലബ്ധിയോടെ കോൺഗ്രസിൻെറ ലക്ഷ്യം സാധിച്ചുകഴിഞ്ഞതിനാലും, സ്വാതന്ത്ര്യലബ്ധിയെത്തുടർന്നു കോൺഗ്രസ് നേതാക്കളുടെ പ്രവർത്തനത്തിൽ അപചയം സംഭവിച്ചതിനാലും കോൺഗ്രസ് ഇനിമേൽ ഒരു രാഷ്ട്രീയ-ഭരണപാർടിയായി പ്രവർത്തിക്കരുതെന്നാണു മഹാത്മാഗാന്ധി തൻെറ അന്ത്യത്തിന് ഏതാനും മണിക്കൂറുകൾക്കുമുമ്പ് എഴുതിവച്ചത്. അതംഗീകരിക്കാൻ നെഹ്റുവും പട്ടേലുമടക്കമുള്ള സമുന്നത കോൺഗ്രസ് നേതാക്കളോ തയ്യാറായില്ല. അധികാരത്തിൽ കടിച്ചുതൂങ്ങിനിൽക്കാനുള്ള വ്യഗ്രത അവരെ ഒരു രാഷ്ട്രീയപ്രതിസന്ധിയിൽ നിന്ന് മറ്റൊന്നിലേക്ക് തള്ളിവിട്ടുകൊണ്ടിരുന്നു. അതിൻെറ അവസാനരൂപമാണ് 1993ൻെറയും 1994ൻെറ അവസാനമാസങ്ങളിൽ നടന്ന സംസ്ഥാന നിയമസഭാ തെരഞ്ഞെടുപ്പുകളിൽ കോൺഗ്രസിനേറ്റ ദയനീയ പരാജയം. പോരെങ്കിൽ, ബോഫോഴ്സ് തോക്കിടപാട്, ഓഹരി-ബാങ്ക് കുംഭകോണം, പഞ്ചസാര കുംഭകോണം എന്നിവ സംബന്ധിച്ചുള്ള അന്വേഷണറിപ്പോർട്ടുകളിലൂടെ കോൺഗ്രസ് മന്ത്രിമാരുടെ പേരാകെ നാറിയിരിക്കുന്നു. ഈ സാഹചര്യത്തിലെങ്കിലും മുമ്പ് മഹാത്മാഗാന്ധി നൽകിയ ഉപദേശം സ്വീകരിച്ച് കോൺഗ്രസ് പിരിച്ചുവിടുകയാണ് നരസിംഹറാവു ഗവർമെണ്ട് ചെയ്യേണ്ടിയിരുന്നത്. പക്ഷെ, ഇന്ത്യയിലെ ഏക ഭരണകക്ഷിയായി തുടരാനുള്ള തന്ത്രങ്ങൾ ഇപ്പോഴും മെനഞ്ഞെടുക്കുകയാണ് ആ പാർടി.

(ബി) 1952ൽ നടന്ന ഒന്നാം പൊതുതെരഞ്ഞെടുപ്പിനെത്തുടർന്ന് കോൺഗ്രസ്സിൻെറ മുഖചരായ മാറ്റണമെന്ന നിഗമനത്തിൽ എത്തിയതിനാലാണ് 1955ൽ "കോൺഗ്രസിൻെറ ലക്ഷ്യം സോഷ്യലിസമാണെ"ന്നും ആവടി സമ്മേളനത്തിൽ പ്രഖ്യാപിച്ചത്. അതിനെത്തുടർന്ന് ഇന്ത്യയുടെ സാമ്പത്തികാസൂത്രണം ആകെ പൊളിച്ചെഴുതാൻ നെഹ്റു തയ്യാറായി. സോവിയറ്റ്യൂണിയൻേറയും മറ്റു സോഷ്യലിസ്റ്റ് രാജ്യങ്ങളുടേയും സഹായത്തോടെ പൊതുമേഖലയിൽ ഘനവ്യവസായങ്ങൾ സ്ഥാപിക്കുക എന്ന കാഴ്ചപ്പാട് അവതരിപ്പിക്കപ്പെട്ടു. ഒട്ടേറെ വ്യവസായശാലകൾ പൊതുമേഖലയിൽ സ്ഥാപിതമായി. ബ്രിട്ടീഷ് ഭരണകാലത്തോ സ്വാതന്ത്രലബ്ധിക്കുശേഷമുള്ള ആദ്യവർഷങ്ങളിലോ സ്വപ്നം കാണാൻ പോലും കഴിയാതിരുന്ന ഗതിവേഗത്തോടെ വ്യവസായവൽക്കരണം തുടങ്ങി. അതേവരെ കൊളോണിയൽ വ്യവസ്ഥക്കുകീഴിൽ കിടന്നിരുന്ന രാജ്യങ്ങളിൽ, ചൈനയെപ്പോലുള്ള സോഷ്യലിസ്റ്റ് രാജ്യങ്ങൾ കഴി

ഞ്ഞാൽ, ഏറ്റവുമധികം വേഗത്തിൽ പുരോഗമിക്കുന്ന രാജ്യമെന്ന പദവിയിലേക്ക് ഇന്ത്യ ഉയർന്നു. അതിൽനിന്നു പൂർണമായി തിരിച്ചുപോവുകയാണ് നരസിംഹറാവുവിൻേറയും മൻമോഹൻസിങ്ങിൻെറയും നേതൃത്വത്തിൽ ആവിഷ്കരിക്കപ്പെട്ട "പുത്തൻ സാമ്പത്തികനയം" മൂലം ചെയ്തിട്ടുള്ളത്.

ഇത് വ്യക്തമായപ്പോഴാണ് റാവുവും കൂട്ടരും പുതിയ ഒരു വാദമുന്നയിച്ചത്: വമ്പിച്ച നേട്ടങ്ങളുണ്ടാക്കിയിട്ടുണ്ടെങ്കിലും, നെഹ്റുവിൻെറ നയം ഇന്നത്തെ ലോകസാഹചര്യത്തിൽ പ്രായോഗികമല്ല. എന്തുകൊണ്ടെന്നാൽ, പരാജയപ്പെട്ടതാണെന്നു വ്യക്തമായ സോവിയറ്റ്മാതൃക പകർത്താനാണ് നെഹ്റു ശ്രമിച്ചത്. അതിൻെറ ഫലമായി സാമ്പത്തികരംഗത്ത് നേതൃത്വം വഹിക്കേണ്ട സ്വകാര്യമേഖലക്ക് അർഹമായ സ്ഥാനം കിട്ടാതെ പോയി. അതു തുടർന്നാൽ ആഗോളതലത്തിൽ ഇന്ത്യ ഒറ്റപ്പെടും.

ഈ വിശകലനത്തിൻെറ അടിസ്ഥാനത്തിലാണ് "ആഗോളവൽക്കരണം", "ഉദാരവൽക്കരണം", "സ്വകാര്യവൽക്കരണം" എന്നീ ആശയങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ത്യയിലും മറുനാടുകളിലുമുള്ള കുത്തകമുതലാളിമാർക്ക് ഇഷ്ടംപോലെ വികസിക്കാൻ വാതിൽ തുറന്നുകൊടുക്കുന്ന ഒന്നായി "പുത്തൻ സാമ്പത്തികനയം" പ്രത്യക്ഷപ്പെട്ടത്. ഇതിൻെറ ഫലമാകട്ടെ, രണ്ടുമൂന്ന് പതിറ്റാണ്ടുകാലത്തെ അശ്രാന്തപരിശ്രമത്തിൻെറ ഫലമായി വളർന്നുവന്ന പൊതുമേഖലാ സ്ഥാപനങ്ങൾ വിദേശീയരടക്കമുള്ള കുത്തകമുതലാളിമാർക്കു വിട്ടുകൊടുത്തതാണുതാനും. അതിനു പ്രതിഫലമായി അവരിൽനിന്നു കിട്ടിയ സംഖ്യയാകട്ടെ, യഥാർഥമൂല്യത്തിൻെറ ഒരു ചെറുശതമാനം മാത്രമെ വരികയുള്ളൂ.

അങ്ങനെ തൊഴിലാളികളുടേയും ഇടത്തരം ജീവനക്കാരുടേയും അധ്വാനഫലമായി വളർന്നുവന്ന പൊതുമേഖലാ സ്ഥാപനങ്ങൾ തുച്ഛമായ വിലയ്ക്ക് കയ്യടക്കാൻ വിദേശീയരടക്കമുള്ള കുത്തകമുതലാളിമാർക്കു കഴിഞ്ഞു. ഈ പ്രക്രിയയുടെ തുടക്കത്തിൽ "പുത്തൻ സാമ്പത്തികനയ"ത്തിനു സ്വാഗതമരുളിയിരുന്ന ഇന്ത്യൻ മുതലാളിമാരിലൊരു വിഭാഗം തന്നെ ആഗോളകുത്തകകളുടെ ആക്രമണങ്ങളിൽ ആശങ്കാകുലരായി രംഗത്തുവന്നിരിക്കുന്നു.

മോഹഭംഗങ്ങൾക്കിരയായ ഈ മുതലാളിമാരുടേതിൽനിന്നു വ്യത്യസ്തമായി, റാവു ഗവർമെണ്ടിൻെറ "പുത്തൻ സാമ്പത്തികന

യ"ങ്ങളെ സംഘടിതമായും ഉറപ്പായും എതിർക്കുന്ന തൊഴിലാളി-കർഷകാദി ബഹുജനങ്ങളുടെ പ്രസ്ഥാനങ്ങളും പ്രക്ഷോഭങ്ങളും സമരങ്ങളും അതിവേഗം വളർന്നുവരികയാണ്. ഇന്ത്യയിലെ അറിയപ്പെടുന്ന അർഥശാസ്ത്രകാരന്മാരിൽ നിസ്സാരമല്ലാത്ത ഒരു വിഭാഗം റാവു-മൻമോഹൻസിങ്ങ് നയത്തിൻെറ ഫലമായി രാജ്യത്തിനു നേരിടേണ്ടിവരുന്ന ആപത്തുകൾ ഒഴിവാക്കുന്നതിനു തൊഴിലാളി-കർഷകാദി ബഹുജനങ്ങളോടൊപ്പം നിന്നു പോരാടുന്നു.

ഈ പോരാട്ടത്തിൻെറ ലക്ഷ്യമെന്താണ്: നാലു പതിറ്റാണ്ടുകൾക്കുമുമ്പു നെഹ്റു രൂപപ്പെടുത്തിയ നയങ്ങളിലേക്കുള്ള തിരിച്ചുപോക്കാണോ? ആ നയങ്ങൾ പുനരുദ്ധരിച്ചാൽ ഇന്ന് ഇന്ത്യ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമോ? അതോ, നെഹ്റു നയങ്ങളിൽതന്നെ മൗലികമായ ദൗർബല്യങ്ങളുണ്ടായിരുന്നുവോ? അവയാണോ നെഹ്റുനയങ്ങളിൽ നിന്നു റാവുനയങ്ങളിലേക്ക് ഇന്ത്യാഗവർമെണ്ട് മാറാൻ ഇടയാക്കിയത്?

എന്നുവച്ചാൽ, റാവു-മൻമോഹൻസിങ്ങ് നയങ്ങൾ അപ്പാടെ ഉപേക്ഷിക്കുന്നതോടൊപ്പം, നെഹ്റു നയങ്ങളിലും മൗലികമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് ഒരു പുതിയ നയസമീപനം അംഗീകരിക്കുകയാണോ വേണ്ടത്?

ഈ ചോദ്യങ്ങൾക്ക് ഉത്തരം കാണണമെങ്കിൽ, നാലു പതിറ്റാണ്ടിനുമുമ്പ് നെഹ്റുവിൻെറ നേതൃത്വത്തിൽ ആവിഷ്കരിച്ച സാമ്പത്തികവും രാഷ്ട്രീയവുമായ നയങ്ങളുടെ വർഗപരമായ ഉള്ളടക്കമെന്തായിരുന്നുവെന്നു സത്യസന്ധമായി പരിശോധിക്കണം. എന്തുകൊണ്ടെന്നാൽ, പഴയ നെഹ്റുനയമോ ഇപ്പോഴത്തെ റാവുനയമോ നെഹ്റു, റാവു എന്ന രണ്ട് വ്യക്തികളുടെ സ്വന്തം സംഭാവനയല്ല. അവരിരുവരും ഒരുപോലെ – പക്ഷെ, രണ്ടുരൂപത്തിൽ – പ്രതിനിധാനംചെയ്യുന്ന വർഗമേതെന്നും ആ വർഗത്തിൻെറ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനു നാൽപതുവർഷംമുമ്പ് നെഹ്റു രൂപപ്പെടുത്തിയ സാമ്പത്തിക-രാഷ്ട്രീയനയങ്ങൾ ഇപ്പോൾ റാവു എങ്ങനെ മാറ്റുന്നുവെന്നും ആഴത്തിൽ പരിശോധിക്കണം. അതിനുള്ള ശ്രമമാണ് ഈ ലഘുലേഖ.

## 2. നെഹ്റുനയത്തിൻെറ രാഷ്ട്രീയപശ്ചാത്തലം

ഇന്നത്തെ നരസിംഹറാവുവും മൻമോഹൻസിങ്ങുമെന്നപോലെ നാലു പതിറ്റാണ്ടിനുമുമ്പത്തെ നെഹ്റുവും ഇന്ത്യൻ ബൂർഷ്വാ

സിയെ പ്രതിനിധാനംചെയ്യുന്ന രാഷ്ട്രീയ നേതാവായിരുന്നു. അവരിരുവരും പ്രതിനിധാനംചെയ്യുന്ന, ബൂർഷ്വാസിയുടെ പ്രതിയോഗിയായ ഫ്യൂഡൽപ്രഭുക്കളുമായി ബൂർഷ്വാസിക്കു അടുത്ത ബന്ധമുണ്ടുതാനും. അങ്ങനെ ഫ്യൂഡൽ പ്രഭുമേധാവിത്വത്തിനു സാരമായ പരുക്കൊന്നുമേൽക്കാതെ ആ മേധാവിവർഗത്തെ മുതലാളിത്തവൽക്കരിക്കാനാണ്, മറ്റുപല രാജ്യങ്ങളിലുമെന്നപോലെ ഇന്ത്യയിലും, ബൂർഷ്വാസി ശ്രമിക്കുന്നത്.

ആ ശ്രമത്തിൻെറ രണ്ടു രൂപങ്ങളാണ് 1955ൽ ആവടിയിൽ വച്ച് സോഷ്യലിസ്റ്റ്ലക്ഷ്യം പ്രഖ്യാപിക്കുകയും പിന്നീട് രണ്ടാം പഞ്ചവത്സരപദ്ധതി ആവിഷ്കരിക്കുകയും ചെയ്ത നെഹ്റുവെന്നതുപോലെ ഇന്നത്തെ നരസിംഹറാവുവും മൻമോഹൻസിങ്ങും "ആഗോളവൽക്കരണം", "ഉദാരവൽക്കരണം", "സ്വകാര്യവൽക്കരണം" എന്ന മൂന്നു മുദ്രാവാക്യങ്ങൾ അംഗീകരിച്ചിട്ടുള്ളത്.

പക്ഷെ, അന്നും ഇന്നും തമ്മിൽ ആഗോളരാഷ്ട്രീയത്തിൻെറ കാര്യത്തിൽ മൗലികമായ മാറ്റം വന്നിട്ടുണ്ട്.

നാസിപ്പടയെ തിരിച്ചോടിച്ച് സ്വന്തം നാടിനെ മാത്രമല്ല, ലോകത്തെയാകെയും രക്ഷിച്ച സോവിയറ്റ്യൂണിയൻ ആഗോളരംഗത്തുള്ള രണ്ടു വൻശക്തികളിലൊന്നായി അന്ന് പ്രത്യക്ഷപ്പെട്ടിരുന്നു. യുദ്ധകാലത്ത് അനുഭവിക്കേണ്ടിവന്ന നാശനഷ്ടങ്ങളെ അതിജീവിച്ച് സ്വന്തം രാജ്യത്തിൻെറ പുനർനിർമ്മാണം ത്വരിതമായി നടത്തുക മാത്രമല്ല, മറ്റു രാജ്യങ്ങളെ ചുരുങ്ങിയ തോതിൽ സഹായിക്കാൻ ആ രാജ്യം കരുത്തുനേടുക കൂടി ചെയ്തുകഴിഞ്ഞിരുന്നു.

പോരെങ്കിൽ, കിഴക്കൻ യൂറോപ്യൻ രാജ്യങ്ങൾ സോഷ്യലിസ്റ്റ് വ്യവസ്ഥയിലേക്ക് നീങ്ങുകയും ചൈനയിൽ ജനകീയ ജനാധിപത്യവിപ്ലവം പൂർത്തിയാക്കി രാഷ്ട്രപുനർനിർമ്മാണം സോഷ്യലിസ്റ്റ് അടിസ്ഥാനത്തിൽ നടത്താൻ തുടങ്ങുകയും ചെയ്തിരുന്നു.

ഇന്ത്യയോടൊപ്പം സ്വാതന്ത്ര്യം നേടിയ ചില ഏഷ്യൻ–ആഫ്രിക്കൻ രാജ്യങ്ങൾ, സോഷ്യലിസ്റ്റ് രാജ്യങ്ങളോടു ചേർന്നു, കൊളോണിയൽ മേധാവിത്വത്തിനെതിരായി പോരാടുന്ന മറ്റു രാജ്യങ്ങളോടൊപ്പം നിന്നിരുന്നു. അങ്ങനെ കൊളോണിയൽ വ്യവസ്ഥക്കെതിരായ ആഗോളസമരം മുന്നേറുകയായിരുന്നു.

ദേശീയസ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും ലോകസമാധാനത്തിനും വേണ്ടിയുള്ള ഈ ആഗോളപ്രസ്ഥാനത്തിൽ സജീവപങ്കാളിയാവുന്നത് ഇന്ത്യൻ ബൂർഷ്വാസിയുടെ വർഗതാൽപര്യങ്ങൾ സംര

ക്ഷിക്കുന്നതിന് സഹായകരമായിരുന്നു. അധീനരാജ്യങ്ങളുടെ ദേശീയസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടത്തിൽ സോവിയറ്റ്യൂണിയനോടും ചൈനയോടുമൊപ്പം മുൻനിന്നത് ഇന്ത്യൻ ബൂർഷ്വാസിയുടെ രാഷ്ട്രീയപ്രശസ്തി വർധിപ്പിച്ചു. സോവിയറ്റ് യൂണിയനിലേയും ചൈനയിലേയും ഇന്തോനേഷ്യയിലേയും ഈജിപ്തിലേയും ബർമ്മയിലേയും ദേശീയനേതാക്കളോടൊപ്പം ആഗോളരാഷ്ട്രീയത്തിൽ നെഹ്റുവിനും ഒരുയർന്ന സ്ഥാനം അത് നേടിക്കൊടുത്തു. "ചേരിചേരാപ്രസ്ഥാന"മെന്നറിയപ്പെടുന്ന സാമ്രാജ്യവിരുദ്ധ പ്രസ്ഥാനത്തിലെ സമുന്നതനേതാക്കളിലൊരാളായി നെഹ്റു ഉയർന്നു.

ഈ രാഷ്ട്രീയനേട്ടത്തോടൊപ്പം സാമ്പത്തികരംഗത്തും കാര്യമായ നേട്ടമുണ്ടാക്കാൻ അന്നത്തെ ആഗോളരാഷ്ട്രീയം ഇന്ത്യൻ ബൂർഷ്വാസിയെ സഹായിച്ചു. രാഷ്ട്രീയമായ സ്വാതന്ത്ര്യം നേടിയ ഇന്ത്യയെ ബ്രിട്ടന്റേയും സഖ്യശക്തികളുടേയും ആശ്രിതരാജ്യമായി മാറ്റാനാണ് ബ്രിട്ടീഷ് ഭരണമേധാവികൾ ശ്രമിച്ചത്. "ഇന്ത്യയുടെ സവിശേഷസാഹചര്യങ്ങളിൽ വ്യവസായവൽക്കരണം പ്രസക്തമോ പ്രായോഗികമോ അല്ല" എന്ന ഒരു സിദ്ധാന്തം തന്നെ അവർ അവതരിപ്പിച്ചു.

അങ്ങനെയാണ് ബ്രിട്ടീഷ് ഭരണമേധാവികളുടെ കൈപ്പിടിയിൽ ഒതുങ്ങുന്നതും വ്യാവസായിക വളർച്ച ഇല്ലാത്തതുമായ ഒരു രാജ്യമായി ഇന്ത്യയെ വളർത്താൻ പറ്റുന്ന ഒരു സാമ്പത്തികാസൂത്രണരീതി ബ്രിട്ടീഷ് ഭരണമേധാവികൾ രൂപപ്പെടുത്തിയത്. അതനുസരിച്ച് ബ്രിട്ടീഷ് കോമൺവെൽത്തിലെ ഭരണാധികാരികൾ രൂപപ്പെടുത്തിയ ആസൂത്രണപദ്ധതി സ്വതന്ത്രഇന്ത്യയുടെ ഒന്നാം പദ്ധതിയായി അംഗീകരിക്കാൻ നെഹ്റുഗവർമെണ്ട് തന്നെ നിർബന്ധിക്കപ്പെട്ടു. അതിൽനിന്നു രക്ഷപ്പെടാൻ സഹായിക്കണമെന്ന അഭ്യർഥനയുമായി അമേരിക്ക സന്ദർശിച്ച നെഹ്റുവിന് വെറുംകയ്യോടെ തിരിച്ചുവരേണ്ടിവന്നു.

ഈ ഘട്ടത്തിലാണ് "ഇന്ത്യക്കുപറ്റാത്ത"തെന്ന് സാമ്രാജ്യമേധാവികൾ വിധിച്ച വ്യവസായവൽക്കരണം നടത്താൻ – അതിനു തുടക്കംകുറിക്കുന്ന ഘനവ്യവസായങ്ങൾ കെട്ടിപ്പടുത്തുതുടങ്ങാൻ പോലും – സോവിയറ്റ്യൂണിയനും മറ്റു സോഷ്യലിസ്റ്റ് കോയ്മകളും തയ്യാറാണെന്നു വ്യക്തമായത്. അവരുടെ ഈ സന്നദ്ധതയിൽനിന്നു പൂർണമായും മുതലെടുക്കാൻ നെഹ്റു തീരുമാനിച്ചതിന്റെ ഫലമാണു സോഷ്യലിസവും രണ്ടാംപദ്ധതിയും.

തൻെറ കാഴ്ചപ്പാടിനെ "ഇന്ത്യൻ സോഷ്യലിസ"മായി വ്യാഖ്യാനിക്കാൻ നെഹ്റു ശ്രമിച്ചു. അതിൽ ഇന്ത്യൻ ജനത പൊതുവിൽ പെടുകയും ചെയ്തു. "നെഹ്റു സോഷ്യലിസ"ത്തെക്കുറിച്ച് ഇടതുപക്ഷക്കാർക്കിടയിൽ പോലും വ്യാമോഹംപരക്കാൻ തുടങ്ങി. അതു തീർക്കുന്നതിന് "ആവടി സോഷ്യലിസം ഒരു തട്ടിപ്പ്" എന്ന തലവാചകത്തിൽ കമ്യൂണിസ്റ്റ്പാർടിയുടെ ജനറൽസെക്രട്ടറി അജയഘോഷ് ഒരു ലേഖനമെഴുതുകതന്നെ ചെയ്തു. കമ്യൂണിസ്റ്റ് പാർടിയുടെ പ്രഭാഷണങ്ങളിലും പ്രസിദ്ധീകരണങ്ങളിലും നെഹ്റു ഗവർമെണ്ടിൻെറ "സോഷ്യലിസ്റ്റ് തട്ടിപ്പ്" തുറന്നുകാണിക്കാൻ സംഘടിതമായ ശ്രമം നടത്തി.

എന്നാൽ, നെഹ്റുവിൻേറതും സോഷ്യലിസമാണെന്ന അവകാശവാദം തട്ടിപ്പായിരുന്നുവെങ്കിലും, സാമ്രാജ്യാധിപത്യത്തെ പൂർണമായും ആശ്രയിക്കാതെ സ്വന്തംകാലിൽ നിന്നുകൊണ്ട് വ്യവസായവൽക്കരണത്തിൻെറ പാതയിലേക്ക് നീങ്ങാനുള്ള ശ്രമമായിരുന്നു നെഹ്റുമാർഗം.

സോഷ്യലിസ്റ്റ്രാജ്യങ്ങളിൽ നിന്നു കിട്ടുന്ന സഹായം ചൂണ്ടിക്കാണിച്ച് മുതലാളിത്തരാജ്യങ്ങളിൽ നിന്നും സഹായം തേടാൻ നെഹ്റു ഗവർമെണ്ട് ശ്രദ്ധിച്ചു. അങ്ങനെ ഒരുവശത്ത് സോവിയറ്റ് യൂണിയൻേറയും മറുവശത്ത് മുതലാളിത്ത കോയ്മകളുടേയും സഹായത്തോടെ ഇന്ത്യയിൽ വ്യവസായങ്ങൾ വളർന്നുവരാൻ തുടങ്ങി. വ്യവസായവൽക്കരണത്തിനാവശ്യമായ സാങ്കേതികോപദേശങ്ങൾ മാത്രമല്ല, പൊതുമേഖലാവ്യവസായങ്ങളിൽ ചിലതിനു സഹായം പോലും ചില മുതലാളിത്ത കോയ്മകളിൽ നിന്നു കിട്ടി.

അങ്ങനെ ഒരുവശത്ത് സോഷ്യലിസ്റ്റ്കോയ്മകളുടേയും മറുവശത്ത് മുതലാളിത്തകോയ്മകളുടേയും സഹായത്തോടെ ഇന്ത്യയുടെ വ്യവസായവൽക്കരണത്തിന് തുടക്കംകുറിക്കാൻ നെഹ്റുവിൻെറ നേതൃത്വത്തിലുള്ള ഇന്ത്യൻ ബൂർഷ്വാസിക്ക് കഴിഞ്ഞു.

വ്യാവസായികമടക്കമുള്ള സാമ്പത്തികമേഖലകളിൽ ഇന്ത്യാഗവർമെണ്ടിനുള്ള പങ്ക് ഇക്കാലത്തു വർധിച്ചുവെങ്കിലും, ഇന്ത്യയിൽ വളർന്നുവന്നത് മുതലാളിത്തം തന്നെയാണ്. ഇന്ത്യൻ മുതലാളിമാർക്കിടയിൽ നിന്നുതന്നെ കൂറ്റൻ കുത്തകകളും വളർന്നുകൊണ്ടിരുന്നു. പൊതുമേഖലാ വ്യവസായങ്ങളുടെ നടത്തിപ്പുതന്നെ സ്വകാര്യമുതലാളിമാർക്ക് വളരാൻ വേണ്ട സാഹചര്യം സൃഷ്ടിച്ചുകൊണ്ടായിരുന്നു. പൊതുമേഖലയുടെ വളർച്ചമൂലം സ്വകാര്യമുത

ലാളിമാരുടെ ലാഭത്തിനു കോട്ടം തട്ടിയില്ലെന്നു മാത്രമല്ല, അത് വർധിക്കുകപോലും ചെയ്തു. "സോഷ്യലിസ"ത്തിൻെറ മറപിടിച്ചു കൊണ്ട് ലക്ഷപ്രഭുക്കൾ കോടീശ്വരന്മാരായി മാറുമ്പോൾ ഇടത്തര ക്കാരും പാവപ്പെട്ടവരും പാപ്പരായിത്തീരുക എന്ന പ്രതിഭാസം പ്രകടമായി.

വ്യാവസായിക വളർച്ച തീരെയില്ലാത്ത മുമ്പത്തെ (ബ്രിട്ടീഷ് ഭരണകാലത്തെ) സ്ഥിതിയിൽനിന്ന് ഇത് വമ്പിച്ച പുരോഗതിയായി രുന്നു. പതിറ്റാണ്ടുകളോളംകാലം കൊളോണിയൽ മേധാവിത്വ ത്തിൻകീഴിൽ കിടന്നിരുന്ന നമ്മുടെ രാജ്യം ലോകരംഗത്ത് തലഉ യർത്തി നിൽക്കുന്ന ഒരു സ്ഥിതിയിലെത്തി. അതുകൊണ്ടാണ് സ്വതന്ത്രപാർടി മുതലായ വലതുപക്ഷ പിന്തിരിപ്പൻശക്തികളുടെ ആക്രമണത്തിൽ നിന്ന് കോൺഗ്രസ് ഗവർമെണ്ടിനേയും നെഹ്റു വിനേയും രക്ഷിക്കാൻ കമ്യൂണിസ്റ്റ്പാർടി മുമ്പോട്ടുവന്നത്.

അതായത്, നെഹ്റുവും കൂട്ടരും സോഷ്യലിസം കെട്ടിപ്പടുക്കു കയാണെന്ന അവകാശവാദത്തെ ശക്തിയായി എതിർക്കുമ്പോൾത ന്നെ, മുൻ ഭരണാധികാരികളായിരുന്ന ബ്രിട്ടീഷ് സാമ്രാജ്യമേധാവി കളുടേയും അവരുടെ കൂട്ടുകാരായിരുന്ന അമേരിക്കതൊട്ടുള്ള സാമ്രാജ്യകോയ്മകളുടേയും മേധാവിത്വത്തിൽനിന്നു ഒരു പരിധി വരെയെങ്കിലും മോചനം നേടാൻ സഹായിക്കുന്നുവെന്ന കാരണ ത്താലാണ് നെഹ്റു മാർഗത്തിനു കമ്യൂണിസ്റ്റുകാരും മറ്റിടതുപക്ഷ ക്കാരും പിന്തുണ നൽകിയത്.

നെഹ്റുനയത്തിനുണ്ടായിരുന്ന ആ നേട്ടംപോലും കളഞ്ഞുകു ളിച്ചു അമേരിക്കൻ നേതൃത്വത്തിലുള്ള ലോകസാമ്രാജ്യാധിപത്യത്തി ൻെറ ഒരു കീഴാളരാജ്യമായി ഇന്ത്യയെ അധഃപതിപ്പിക്കുന്നുവെന്ന താണ് റാവു-മൻമോഹൻസിങ്ങ് ദ്വന്ദ്വത്തിൻെറ നയങ്ങൾക്കെതിരാ യി കമ്യൂണിസ്റ്റുകാരും മറ്റിടതുപക്ഷക്കാരും നടത്തുന്ന പ്രധാനവിമർശനം.

## 3. കോൺഗ്രസ്നയത്തിൻെറ ബദൽ – ഇടതും വലതും

ആവടി സോഷ്യലിസത്തേയും രണ്ടാം പഞ്ചവത്സരപദ്ധതിയേ യും സംബന്ധിച്ച് അന്നത്തെ അവിഭക്ത കമ്യൂണിസ്റ്റുപാർടി അംഗീ കരിച്ച നയസമീപനം ക്രിയാത്മകമെന്നപോലെ വിമർശനാത്മകവു

മായിരുന്നു. ജനങ്ങൾക്കിടയിൽ സോഷ്യലിസത്തോടു ചായ്‌വുണ്ടാവുന്നുവെന്ന വസ്തുത അംഗീകരിക്കലായിരുന്നു ആവടി പ്രമേയം. ആ നിലയ്ക്ക് അത് സ്വാഗതാർഹമായിരുന്നു. പക്ഷെ, സോഷ്യലിസ്റ്റ് പ്രഖ്യാപനത്തിൻെറ മറവിൽ കോൺഗ്രസ് ശ്രമിച്ചിരുന്നത് മുതലാളിത്തം കെട്ടിപ്പടുക്കാനും അതിൽത്തന്നെ കുത്തകമുതലാളിമാർക്ക് മേധാവിത്വമുണ്ടാക്കാനുമാണ്.

ഈ സത്യം ജനങ്ങളുടെ മുമ്പിൽ തുറന്നുകാണിക്കാനുള്ള ബാധ്യത തൊളിലാളിവർഗത്തിനും അതിൻെറ പാർടിക്കുമുണ്ട്. അതിൻെറ ഭാഗമാണ് "ആവടി സോഷ്യലിസം ഒരു തട്ടിപ്പ്" എന്ന ഒരു ലേഖനം കമ്യൂണിസ്റ്റ്പാർടി ജനറൽസെക്രട്ടറി അജയ്ഘോഷ് പ്രസിദ്ധീകരിച്ചത്. ഏതാണ്ട് ഒരു പതിറ്റാണ്ടിനുശേഷം "ഇന്ത്യൻ സോഷ്യലിസ്റ്റ്മാതൃകയുടെ അർഥശാസ്ത്രവും രാഷ്ട്രീയവും" എന്ന തലക്കെട്ടിൽ ഈ ലേഖകനും ഇംഗ്ലീഷിൽ ഒരു ബൃഹദ്ഗ്രന്ഥമെഴുതുകയുണ്ടായി.

ആവടി സോഷ്യലിസത്തിൻെറ അടിസ്ഥാനത്തിലാണല്ലോ, നെഹ്റുവിൻെറ നേതൃത്വത്തിൽ രണ്ടാം പഞ്ചവത്സരപദ്ധതി ആവിഷ്കരിച്ചത്. അതിനെ ക്രിയാത്മകവും വിമർശനാത്മകവുമായി അപഗ്രഥിച്ചുകൊണ്ട് കമ്യൂണിസ്റ്റ്പാർടിയുടെ നാലാംകോൺഗ്രസ് ഇങ്ങനെ പറഞ്ഞു: 'പദ്ധതിയിൽ പ്രഖ്യാപിച്ച ലക്ഷ്യം – ത്വരിതമായ വ്യവസായവൽക്കരണം, അതിനുവേണ്ടി സോഷ്യലിസ്റ്റ് കോയ്മകളുമായുള്ള സഹകരണം, വ്യവസായവൽക്കരണത്തിൽ പൊതുമേഖലയ്ക്കുള്ള മുൻകൈ എന്നിവ – സ്വാഗതാർഹമാണ്; പക്ഷെ, ആ ലക്ഷ്യങ്ങൾ പ്രാപിക്കണമെങ്കിൽ കോൺഗ്രസ് ഗവർമെണ്ടിൻെറ ഭൂനയം, തൊഴിൽബന്ധനയം, നികുതിനയം മുതലായവയുടെ അലകും പിടിയും മാറ്റണം.

ഈ മാറ്റം ഏതുരീതിയിലായിരിക്കണമെന്ന് വിശദീകരിക്കുന്ന ഒരു ബദൽനയസമീപനരേഖ പാർടിയുടെ നാലാം കോൺഗ്രസിൽ അംഗീകരിച്ച രാഷ്ട്രീയപ്രമേയത്തിൻെറ അനുബന്ധമായി ചേർക്കുകയും ചെയ്തു.

ആവടിയിൽ അംഗീകരിച്ച രാഷ്ട്രീയസമീപനത്തിലുണ്ടായിരുന്ന ഇടതുപക്ഷ ചായ്‌വിനെ ശക്തിപ്പെടുത്തുകയായിരുന്നു ഈ സമീപനം അംഗീകരിച്ച പാർടിയുടെ ലക്ഷ്യം. ഈ കാഴ്ചപ്പാടോടെയാണ് ഒരു പന്തീരാണ്ടിനുശേഷം കേരളമുഖ്യമന്ത്രിയെന്ന നിലയ്ക്ക് ദേശീയവികസനകൗൺസിലിൻെറ യോഗത്തിൽ പങ്കെ

ടുത്ത ഞാൻ ഔദ്യോഗികമായി അവതരിപ്പിക്കപ്പെട്ട നാലാംപദ്ധതിയിൽ ഉൾക്കൊള്ളിച്ചിരുന്ന നയങ്ങൾക്കു ബദലായി ഒരു രേഖ സമർപ്പിച്ചത്. ഇതേപോലെ പിന്നീട് ജ്യോതിബാസുവും നൃപൻചക്രവർത്തിയും ഇ കെ നായനാരും, മുഖ്യമന്ത്രിമാരെന്ന നിലയ്ക്ക് ദേശീയ വികസനകൗൺസിൽ യോഗങ്ങളിൽ പങ്കെടുത്തപ്പോൾ ബദൽസമീപനരേഖകൾ അവതരിപ്പിച്ചു.

ഇതിലടങ്ങിയ സമീപനം ഞാനാദ്യം മുഖ്യമന്ത്രി സ്ഥാനമേറ്റെടുത്തപ്പോൾ നടത്തിയ പ്രസ്താവനയിൽ വ്യക്തമാക്കിയിരുന്നു: "കോൺഗ്രസ്പാർടിയും അതിൻെറ നേതൃത്വത്തിലുള്ള കേന്ദ്രഗവർമെണ്ടും പുരോഗമനപരമായ പല നയപ്രഖ്യാപനങ്ങളും നടത്തിയിട്ടുണ്ട്; പക്ഷെ, അവയിൽ മിക്കതും നടപ്പിൽവരുത്താൻ കോൺഗ്രസിൻെറ കേന്ദ്രഗവർമെണ്ടോ സംസ്ഥാനഗവർമെണ്ടുകളോ കൂട്ടാക്കുന്നില്ല; അവ നടപ്പിലാക്കുകയാണ് എൻെറ ഗവർമെണ്ട് ചെയ്യുക."

ഈ സമീപനമാവിഷ്കരിക്കുക മാത്രമല്ല, അതു പ്രയോഗത്തിൽ വരുത്താൻ വേണ്ട രാഷ്ട്രീയസംവിധാനം രൂപപ്പെടുത്തുക കൂടി ചെയ്യാൻ കമ്യൂണിസ്റ്റുകാരടക്കമുള്ള ഇടതുപക്ഷപ്പാർട്ടികൾക്ക് കഴിഞ്ഞു.

1957ൽ കേരളത്തിൽ, 1967ൽ കേരളത്തിലും ബംഗാളിലും, 1977നുശേഷം ബംഗാളിലും ത്രിപുരയിലും കേരളത്തിലും - ഇങ്ങനെ കമ്യൂണിസ്റ്റ്നേതൃത്വത്തിലുള്ള സംസ്ഥാനഗവർമെണ്ടുകൾ നിലവിൽവന്നു. ഇന്ത്യൻ ഭരണഘടനയനുസരിച്ച് അത്യന്തം പരിമിതമായ അവകാശങ്ങൾ മാത്രമുള്ള സംസ്ഥാനഗവർമണ്ടുകളുടെ അധികാരപരിധിയിൽ നിന്നു ചെയ്യാവുന്നതിൻെറ പരമാവധി ചെയ്യാൻ ഈ ഗവർമെണ്ടുകൾക്ക് കഴിഞ്ഞു. അതിൻെറ ഉജ്ജ്വലോദാഹരണമാണ് 1977 തൊട്ട് 17 വർഷം തുടർച്ചയായി ഭരണത്തിലിരിക്കുന്ന പശ്ചിമബംഗാൾ ഗവർമെണ്ടിൻെറ നേട്ടങ്ങൾ.

ഈ കോൺഗ്രസ്സിതര സംസ്ഥാനഗവർമെണ്ടുകൾ അതാതു സംസ്ഥാനത്ത് ഉണ്ടാക്കിയ നേട്ടങ്ങൾ അഖിലേന്ത്യാടിസ്ഥാനത്തിൽ നിസ്സാരമല്ലാത്ത ചലനങ്ങളുണ്ടാക്കി. ഈ സംസ്ഥാനങ്ങളിൽ മാത്രമല്ല, മറ്റിടങ്ങളിലും കോൺഗ്രസിൻേറതിനു ബദലായ ഒരു ശക്തി ഉയർന്നുവരാൻ തുടങ്ങി. അതിൻെറ നേതൃത്വത്തിൽ ജനോപകാരപ്രദമായ നടപടികൾ നടക്കുന്നതുകണ്ട് ആ വഴിക്ക് പോകാൻ എല്ലായിടത്തെയും ജനങ്ങൾ വെമ്പൽപൂണ്ടു. അഖിലേ

ന്ത്യാതലത്തിൽ കോൺഗ്രസിനെതിരായ ഒരു ജനാധിപത്യ പ്രതിപക്ഷം രൂപംകൊള്ളാൻ ഇതു സഹായിച്ചു.

എന്നാലിതിനൊരു മറുപുറമുണ്ട്. കോൺഗ്രസ്സിൻെറ ഇടതുവശത്ത് കമ്യൂണിസ്റ്റ്പാർടി അടക്കമുള്ള ചില വിപ്ലവശക്തികൾ സംഘടിച്ചു കോൺഗ്രസ്സിൻെറ സമീപനത്തിൽ ഇടത്തോട്ടുചായുന്ന നയങ്ങൾക്കുവേണ്ടി പോരാടിയതുപോലെ, കോൺഗ്രസ് നേതൃത്വത്തിലെ തന്നെ വലതുവിഭാഗവും വെളിയിൽ രൂപംകൊണ്ട സ്വതന്ത്രപാർടിയും "നെഹ്റുവിൻെറ സോഷ്യലിസ്റ്റ്നീക്ക"ത്തെ എതിർക്കുന്നുണ്ടായിരുന്നു.

പരമ്പരാഗതരീതിയിലുള്ള മുതലാളിത്തമാർഗത്തിലൂടെ ഇന്ത്യയെ പുരോഗമിപ്പിക്കാനാണ് അവർ ആഗ്രഹിച്ചത്. എന്നാലിത് വളരെ തുച്ഛമായ ഒരു ശക്തിയായിരുന്നു. അതിനേക്കാളെത്രയോ വലിയ ശക്തിയായിരുന്നു ഹൈന്ദവവും ഇസ്ലാമികവും ക്രിസ്തീയവുമായ മതഭ്രാന്തിനെ ആസ്പദമാക്കിയ പാർടികൾ. അവരിൽ ഹിന്ദുക്കളുടേത് ഇന്ത്യയെ ഒരു ഹിന്ദുരാഷ്ട്രമാക്കാനും, മറ്റു മതവിഭാഗക്കാർ താന്താങ്ങളുടെ കാഴ്ചപ്പാടനുസരിച്ച് ഇന്ത്യയെ മുമ്പോട്ടുകൊണ്ടുപോകാനും ശ്രമിച്ചു.

കൂടാതെ, മുന്നോക്കജാതിപ്രമാണിമാർ തങ്ങൾക്ക് നൂറ്റാണ്ടുകളായി അനുഭവിക്കാൻ കഴിഞ്ഞ പ്രത്യേകാവകാശങ്ങൾ നിലനിർത്താനും പിന്നോക്കജാതിക്കാർ തങ്ങൾക്ക് കിട്ടേണ്ട ന്യായമായ അവകാശങ്ങൾക്കുവേണ്ടിയും ജാതിയെ അടിസ്ഥാനപ്പെടുത്തി സ്വയം സംഘടിച്ചു.

ഈ ജാതി-മതവർഗീയ ശക്തിളോട് ആശയപരമായി യോജിപ്പില്ലായിരുന്നുവെങ്കിലും, കമ്യൂണിസമെന്ന "ഘോരവിപത്തി"നെ ഒഴിവാക്കുന്നതിന് അവരോടു വിട്ടുവീഴ്ച ചെയ്യാൻ കോൺഗ്രസ് നേതൃത്വം തയ്യാറായി. അതിൻെറ ആദ്യത്തെ ഉദാഹരണമാണ് കേരളത്തിലെ "കമ്യൂണിസ്റ്റ്വിരുദ്ധ മുന്നണി"യും "വിമോചനസമരവും". അതിൻെറ അഖിലേന്ത്യാരൂപത്തിലുള്ള ഇന്നത്തെ രൂപമാണ് അയോധ്യാപ്രശ്നത്തിൽ നരസിംഹറാവു ഗവർമെണ്ട് പ്രകടിപ്പിക്കുന്ന ഹിന്ദുവർഗീയതാ പ്രീണനനയം.

ഇങ്ങനെ ഇടതു-വലതു വശങ്ങളിൽനിന്നായി നേരിട്ട എതിർപ്പിനെ അതിജീവിച്ച് സ്വന്തം അധികാരം നിലനിർത്താനാണു കഴിഞ്ഞ അരനൂറ്റാണ്ടുകാലമായി കോൺഗ്രസ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

## 4. കോൺഗ്രസ് രാഷ്ട്രീയം പ്രതിസന്ധിയിൽ നിന്നു പ്രതിസന്ധിയിലേക്ക്

1957-ൽ കേരളത്തിൽ നേരിട്ട രാഷ്ട്രീയപ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനാണല്ലോ മുസ്ലീംലീഗും, ക്രിസ്തീയ പള്ളിമേധാവികളും, സവർണാവർണ ജാതിപ്രമാണിമാരുമായി ഒരു രാഷ്ട്രീയ കൂട്ടുകെട്ടു കോൺഗ്രസ് ഉണ്ടാക്കിയത്.

എന്നാലത് കോൺഗ്രസിനെ ആദ്യം നേരിട്ട രാഷ്ട്രീയപ്രതിസന്ധിയെ കൂടുതൽ മൂർഛിപ്പിക്കുകയാണു ചെയ്തത്. കേരളത്തിലെന്നപോലെ ദേശീയതലത്തിലും കോൺഗ്രസിൻെറ ജനപിന്തുണ നഷ്ടപ്പെടാനും പടിപടിയായി ആ പാർടി അധികാരഭ്രഷ്ടമാവാനുമാണ് കേരളത്തിലെ "കമ്യൂണിസ്റ്റ് വിരുദ്ധമുന്നണി" കോൺഗ്രസിനെ സഹായിച്ചത്.

"വിമോചന സമര"ത്തെതുടർന്നു നടന്ന ഇടക്കാല തെരഞ്ഞെടുപ്പിൽ "കമ്യൂണിസ്റ്റുവിരുദ്ധമുന്നണി" വൻ വിജയം നേടിയെന്നതു നേരാണ്. പക്ഷെ, സീറ്റു കുറഞ്ഞുവെങ്കിലും, കമ്യൂണിസ്റ്റുപാർടിക്കുകിട്ടിയ വോട്ടിൻെറ എണ്ണവും ശതമാനവും കൂടുകയാണു ചെയ്തത്. (മറ്റെല്ലാ പാർടികളുടെയും സംയുക്തമായ എതിർപ്പിനെ നേരിട്ടുകൊണ്ടുതന്നെ മുൻതെരഞ്ഞെടുപ്പിനെ അപേക്ഷിച്ച് കമ്യൂണിസ്റ്റ്പാർടിക്കുകിട്ടിയ വോട്ടിൻെറ ശതമാനം 40 ൽ നിന്ന് 44 ആയി ഉയർന്നു.

കൂടാതെ, ലീഗിൻെറ സഹായത്തോടെ തെരഞ്ഞെടുപ്പിൽ ജയിച്ച കോൺഗ്രസ് ഗവൺമെൻറ് രൂപീകരിച്ചപ്പോൾ മുസ്ലീംലീഗിനെ ഒഴിച്ചുനിർത്തിയതിൽ ആ പാർടി അസംതൃപ്തമായി. കോൺഗ്രസ്സിനകത്തുതന്നെയുള്ള ക്രിസ്ത്യൻ വിഭാഗം കോൺഗ്രസ് വിടുകയും അതിനെതിരെ ഒരു പ്രതിപക്ഷപാർടി (കേരളകോൺഗ്രസ്) ഉണ്ടാക്കുകയും ചെയ്തു.

ഈ സാഹചര്യമുപയോഗിച്ച് അസംതൃപ്തവിഭാഗങ്ങളെ മുഴുവൻ കോൺഗ്രസിനെതിരെ അണിനിരത്തുന്നതിൽ കമ്യൂണിസ്റ്റ്പാർടി വിജയിച്ചതിനാൽ 1967-ലെ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് ദയനീയമായി പരാജയപ്പെട്ടു. അന്നുമുതൽക്കിന്നേവരെ കോൺഗ്രസ്സിൻെറ ഏകകക്ഷിഭരണം കേരളത്തിലുണ്ടായിട്ടില്ല. ഇന്നാകട്ടെ, എല്ലാ ജാതി മത-വർഗീയ ശക്തികളേയും കൂട്ടുപിടിച്ചാൽപോ

ലും കോൺഗ്രസ്സിനു അധികാരത്തിലെത്താൻ പറ്റുകയില്ലെന്ന സ്ഥിതിയായിരിക്കുന്നു.

അഖിലേന്ത്യാതലത്തിലാകട്ടെ, കേരളത്തിൽ കമ്യൂണിസ്റ്റുപാർടിയെ അധികാരത്തിൽനിന്നു മാറ്റാനും തുടർന്നുണ്ടായ തെരഞ്ഞെടുപ്പിൽ ജയിക്കാനുംവേണ്ടി മുസ്ലീംലീഗിനെ കൂട്ടുപിടിച്ചതിൽ കോൺഗ്രസ്സുകാരിലൊരുവിഭാഗമടക്കം മതനിരപേക്ഷ ജനാധിപത്യവാദികൾ കോൺഗ്രസ്സിനെതിരെ അണിനിരക്കാൻ തുടങ്ങി. അതിൻെറ ഫലമായാണ് 1967-ൽ നടന്ന തെരഞ്ഞെടുപ്പുകളിൽ അരഡസനിലേറെ സംസ്ഥാനങ്ങളിൽ കോൺഗ്രസ്സിനു അധികാരം നഷ്ടപ്പെട്ടത്; അവയിൽ തന്നെ രണ്ടിടത്ത് (കേരളത്തിലും പശ്ചിമബംഗാളിലും) സിപിഐ (എം) ൻെറ നേതൃത്വത്തിലുള്ള കോൺഗ്രസ്സിതര ഗവൺമെൻറുകൾ നിലവിൽ വരികയും ചെയ്തു.

ഈ കോൺഗ്രസ്സിതര ഗവൺമെൻറുകളിൽ മിക്കതിൻെറയും രാഷ്ട്രീയ സ്വഭാവം വലതുപക്ഷവർഗീയശക്തികളുടെ കൂട്ടുകെട്ടിൻെറതായിരുന്നുവെങ്കിലും, പശ്ചിമബംഗാൾ, കേരളം, തമിഴ്നാട് എന്നീ മൂന്നു സംസ്ഥാനങ്ങളിൽ കൂടുതൽ ജനപിന്തുണയുള്ള ഗവൺമെൻറുകളാണ് രൂപംകൊണ്ടത്.

ഈ സംഭവവികാസം കോൺഗ്രസ്സിനകത്തു വമ്പിച്ച ആശയക്കുഴപ്പങ്ങളുണ്ടാക്കി. പോരെങ്കിൽ, നെഹ്റുവിൻെറ സാമ്പത്തികാസൂത്രണനയങ്ങളിലെ ദൗർബല്യങ്ങൾനിമിത്തവും ഇന്ത്യാ-ചൈനാ അതിർത്തിപ്രശ്നം കൈകാര്യം ചെയ്യുന്നതിൽ ഗവൺമെൻറ് കാണിച്ച പിടിപ്പുകേടുനിമിത്തവും സാമ്പത്തികസ്ഥിതി അധികമധികം വഷളാവുകയായിരുന്നു. വിലക്കയറ്റംപോലുള്ള സാമ്പത്തികപ്രശ്നങ്ങളും ഭാഷാനയംപോലുള്ള രാഷ്ട്രീയപ്രശ്നങ്ങളും ചേർന്നു പ്രതിപക്ഷം ശക്തിപ്പെടുകയും കോൺഗ്രസിനകത്തുതന്നെ നയപരമായ അഭിപ്രായവ്യത്യാസങ്ങൾ രൂപപ്പെടുകയും ചെയ്തു.

അങ്ങനെ 1967-ലെ തെരഞ്ഞെടുപ്പ് പരാജയത്തെതുടർന്നു കോൺഗ്രസ്സ് സംഘടനയ്ക്കകത്തു ആഴമേറിയ ഒരാശയക്കുഴപ്പം പ്രത്യക്ഷപ്പെട്ടു. കോൺഗ്രസ് സംഘടനയും ഗവൺമെൻറും ഇന്ദിരാഗാന്ധിയുടേയും മൊറാർജിദേശായിയുടേയും നേതൃത്വത്തിൽ രണ്ടു ചേരികളായി പിരിഞ്ഞു. പ്രതിപക്ഷത്താകട്ടെ, സ്വതന്ത്ര പാർടിയെപ്പോലുള്ള ഒരു വലതുപക്ഷ പിന്തിരിപ്പൻ ശക്തിയും ജനസംഘത്തേയും അകാലിദളത്തേയുംപോലുള്ള വർഗീയശക്തികളും വളർന്നു. പാർലമെൻറിൽ ഭൂരിപക്ഷം നഷ്ടപ്പെട്ട പ്രധാനമന്ത്രി

ഇന്ദിരാഗാന്ധി ഇടതുപക്ഷക്കാരോടൊപ്പം നിന്നു ജനസംഘത്തേയും സ്വതന്ത്രയേയും എതിർക്കുന്ന നിലപാടെടുത്തു.

ഈ സാഹചര്യത്തിൽ മുമ്പു നെഹ്റുവിൻെറ നേതൃത്വത്തിലെന്നപോലെ ഇപ്പോൾ ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലും "കോൺഗ്രസ് ഇടത്തോട്ടു നീങ്ങുന്നു"വെന്ന പ്രതീതി ഉളവായി. അതിൽ മയങ്ങിയ സിപിഐയും മറ്റു ചില ഇടതുപക്ഷഗ്രൂപ്പുകളും ഇന്ദിരാകോൺഗ്രസിനോടൊപ്പം നിന്നു സിപിഐ (എം) നേയും മറ്റിടതുപക്ഷക്കാരേയും എതിർക്കാൻ തുടങ്ങി. അങ്ങനെയാണ് കേരളത്തിൽ അച്യുതമേനോൻ ഗവൺമെൻറ് നിലവിൽവന്നതും അഖിലേന്ത്യാതലത്തിൽ ജയപ്രകാശ് പ്രസ്ഥാനത്തെ "ഫാസിസ്റ്റ്" നീക്കമായി സിപിഐ വിശേഷിപ്പിച്ചതും.

ഈ പ്രവണത പ്രത്യക്ഷപ്പെട്ട കാലത്തു കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർടി ദീർഘദർശനം ചെയ്തതുപോലെ, സിപിഐ അടക്കമുള്ള ചില ഇടതുപക്ഷ പാർടികളും ഇന്ദിരാകോൺഗ്രസുമായുണ്ടാക്കിയ ധാരണ താൽക്കാലികമായിരുന്നു. ഒരു പതിറ്റാണ്ടുകാലത്തെ ചങ്ങാത്തത്തിനുശേഷം 1978 ഓടുകൂടി സിപിഐ ഇന്ദിരാകോൺഗ്രസുമായി ബന്ധം വിച്ഛേദിച്ച് സിപിഐ (എം) അടക്കമുള്ള ഇടതുപക്ഷപാർടികളോടു ചേർന്നുപോരാടാൻ തുടങ്ങി.

ഇതിനിടയ്ക്കാണ് സിപിഐ (എം)ൻെറ പിന്തുണയോടെയും എന്നാൽ അതിനു പങ്കാളിത്തമില്ലാതെയും ജനതാപാർടി കേന്ദ്രത്തിൽ അധികാരത്തിൽവന്നത്. ആ സംഭവവികാസത്തെ സിപിഐ (എം) സ്വാഗതം ചെയ്തു. അതേയവസരത്തിൽ, കോൺഗ്രസിനെ കേന്ദ്രത്തിൽ തറപറ്റിച്ച ജനതാപാർടിക്കകത്ത് വമ്പിച്ച സ്വാധീനമുണ്ടായിരുന്ന ജനസംഘത്തിനും മറ്റു ചില വലതുപക്ഷ ഗ്രൂപ്പുകൾക്കുമെതിരെ സിപിഐ (എം) പോരാടി. അതിൻെറ ഭാഗമായി ജനതാഗവൺമെൻറിനെ താഴത്തിറക്കുന്നതിൽ സിപിഐ (എം) പ്രധാന പങ്കുവഹിച്ചു.

എന്നാൽ, കേരളത്തിൽ മുസ്ലീംലീഗും അഖിലേന്ത്യാതലത്തിൽ ജനസംഘവും വളർന്നുവരുന്നതിനെ വിമർശനാത്മകമായാണ് സിപിഐ (എം) കണ്ടത്. ഈ പാർടികളടക്കമുള്ള വലതുപക്ഷ പിന്തിരിപ്പൻ ശക്തികളെ ചേർത്തുകൊണ്ടുള്ള കോൺഗ്രസ്സ് വിരുദ്ധമുന്നണിയെന്ന ആശയത്തെ സിപിഐ (എം) ഉറച്ചു നിന്നെതിർക്കാൻ തുടങ്ങി. ജനതാഗവൺമെൻറിൽ പങ്കാളിയായിരുന്ന ജനസംഘം ആ ഗവൺമെൻറിനെ ഉപയോഗിച്ചുകൊണ്ട് വളർന്നതി

ൻെറ ആപത്തു മനസിലാക്കി ജനസംഘമൊ അതിൻെറ പുത്തൻ രൂപമായ ബിജെപിയോ ഇല്ലാത്ത ഒരു മതനിരപേക്ഷ കൂട്ടുകെട്ടു കോൺഗ്രസ് (ഐ)ക്കെതിരെ വളർത്തിയെടുക്കാൻ പാർടി ശ്രമിച്ചു. കേരളത്തിൽ 1967 ൽ ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗായും 1980 ൽ അഖിലേന്ത്യാ ലീഗുമായും കൂട്ടുചേർന്നുണ്ടാക്കിയ കൂട്ടുകക്ഷി ഗവർമെണ്ടെന്നതന്ത്രം ഉപേക്ഷിക്കപ്പെട്ടു. ഈ പുതിയനയത്തിൻെറ ഫലമായി കേന്ദ്രഭരണം വീണ്ടും കോൺഗ്രസ്സിനു നഷ്ടപ്പെട്ടു. ആദ്യത്തെ ജനതാഗവൺമെൻറിനെത്തുടർന്നു പിന്നത്തെ ജനതാദള ഗവൺമെൻറ് ഇടതുപക്ഷ പാർടികളുടെ പിന്തുണയോടെ അധികാരത്തിലെത്തി.

ഈ സാഹചര്യമുപയോഗിച്ച് "ഭാവി ഭരണകക്ഷി" എന്ന സ്ഥാനത്തേക്കുയരാൻ ബിജെപി ശ്രമിച്ചു; കോൺഗ്രസ്സാകട്ടെ, ബിജെപിയുടെ മുന്നേറ്റത്തിൽനിന്നു രക്ഷപ്പെടുന്നതിനു "ഹിന്ദുത്വ" ശക്തികളെ സ്വയം പ്രീണിപ്പിക്കാൻ തുടങ്ങി. ഇതിൻെറ കൂട്ടായഫലമാണ് അയോധ്യയിലെ ബാബറിമസ്ജിദ് പള്ളി തകർത്തസംഭവം. അത് ബിജെപിക്കെന്നപോലെ കോൺഗ്രസ്സിനുമെതിരായി മതന്യൂനപക്ഷങ്ങളെ അണിനിരത്തി.

ഇതിനിടയിൽ കോൺഗ്രസ്സിനും ബിജെപിക്കുമിടക്കു നിന്നുകൊണ്ടും ഇടതുപക്ഷശക്തികളെ എതിർത്തുകൊണ്ടും ഒരു മൂന്നാംശക്തിയായി വളരാൻ പിന്നോക്കജാതിക്കാർ മുന്നോട്ടുവന്നു. അവർക്ക് ഉത്തരപ്രദേശത്തു ഗവൺമെൻറ് രൂപീകരിക്കാൻ പോലുംകഴിഞ്ഞു.

"ഭാവി ഭരണകക്ഷി" ബിജെപിയൊ ഇടതുപക്ഷക്കാരോ അല്ല ദളിതരുടേയും മറ്റു പിന്നോക്കജാതിക്കാരുടേയും മതന്യൂനപക്ഷങ്ങളുടേയും കൂട്ടുകെട്ടാണ് വരാൻപോവുന്നത് എന്ന പ്രതീതി ഉളവാക്കാൻ ഇതു സഹായിച്ചു. കേരളത്തിൽതന്നെ എസ്എൻഡിപിപോലുള്ള ജാതിസംഘടനകൾ, ഗൗരിയമ്മയെപ്പോലുള്ള മുൻ മാർക്സിസ്റ്റുകാർ, വേണുവിനേയും അജിതയേയുംപോലുള്ള മുൻ നക്സലൈറ്റുകാർ, മദനിയുടെ പിഡിപി എന്നിവയെല്ലാം ചേർന്ന ഒരു "മൂന്നാംമുന്നണി" രൂപപ്പെടുന്നുവെന്ന പ്രതീതിയുളവായി.

ഈ പുത്തൻനീക്കത്തേയും ബിജെപി തുടങ്ങിയ ഹിന്ദുമത ഭ്രാന്തന്മാരേയും കോൺഗ്രസ്സുകാരേയുമെല്ലാം എതിർക്കുന്നതിൽ തൊഴിലാളി-കർഷകാദിജനകോടികളെ അണിനിരത്തുന്ന ഒരു **പ്രസ്ഥാനം അഖിലേന്ത്യാതലത്തിലും കേരളത്തിലും രൂപപ്പെട്ടു.**

ഇടതുപക്ഷപാർടികളും ദേശീയമുന്നണിയും ചേർന്ന കൂട്ടുകെട്ട് അഖിലേന്ത്യാതലത്തിലും ഇടതുപക്ഷ ജനാധിപത്യമുന്നണി കേരളത്തിലും കോൺഗ്രസിനും ബിജെപിപോലുള്ള വർഗീയശക്തികൾക്കും ജാതിപാർടികൾക്കുമെതിരായി ജനകോടികളെ അണിനിരത്താൻ തുടങ്ങി.

## 5. രാജ്യം ''കടക്കെണി''യിൽ

ഈ സംഭവവികാസങ്ങൾക്ക് കളമൊരുക്കിയത് കോൺഗ്രസ് പാർടിയെ ബാധിച്ച രാഷ്ട്രീയപ്രതിസന്ധി മാത്രമല്ല, നെഹ്റു ഗവൺമെൻറിൻെറ കാലംതൊട്ടു കോൺഗ്രസ് ഗവൺമെൻറ് തുടർന്നുപോന്ന ബൂർഷ്വാനയസമീപനങ്ങളുടെ ഫലമായി അനുദിനം വഷളായിക്കൊണ്ടിരിക്കുന്ന സാമ്പത്തികസ്ഥിതി കൂടിയാണ്. കോൺഗ്രസിനും ബിജെപിപക്കുമെതിരെ വളർന്നു ശക്തിപ്പെട്ടുകൊണ്ടിരിക്കുന്ന ജനകീയ മുന്നേറ്റത്തിൻെറ കുന്തമുന തിരിയുന്നത് നെഹ്റുവിൻെറ കാലത്തുതന്നെ തുടങ്ങിയതും നരസിംഹറാവുവിൻെറ നേതൃത്വത്തിൽ മൂർച്ച്ഛിച്ചതുമായ സാമ്പത്തിക പ്രതിസന്ധിയാണ്.

ഇതിനുമുമ്പു ചൂണ്ടിക്കാണിച്ചതുപോലെ, നെഹ്റു രൂപപ്പെടുത്തിയ ആസൂത്രണ മാതൃക പൊതുവിൽ സ്വാഗതാർഹമായിരുന്നു: ത്വരിതമായ വ്യവസായവൽക്കരണത്തിൻെറ പാതയിലേയ്ക്ക് രാജ്യത്തെ നയിക്കുകയായിരുന്നു അതിൻെറ ലക്ഷ്യം. പക്ഷെ, അവിഭക്തകമ്യൂണിസ്റ്റുപാർടിയുടെ നാലാം കോൺഗ്രസ് ചൂണ്ടിക്കാണിച്ചതുപോലെ, ത്വരിതമായ വ്യവസായവൽക്കരണമെന്ന ലക്ഷ്യവും ബൂർഷ്വാ–ഫ്യൂഡൽ പ്രമാണിമാരുടെ താല്പര്യം സംരക്ഷിക്കുന്ന സാമ്പത്തികനയങ്ങളും തമ്മിൽ പ്രകടമായ വൈരുദ്ധ്യമുണ്ടായിരുന്നു. അതു വളർന്നുവന്നിട്ടാണ് റാവു-മൻമോഹൻസിങ്ങ് ദ്വന്ദ്വത്തിൻെറ "പുത്തൻസാമ്പത്തികനയം" രൂപപ്പെട്ടത്.

ഒന്നിനുപുറകെ മറ്റൊന്നായി നടപ്പിലാക്കുന്ന പഞ്ചവൽസരപദ്ധതികൾക്ക് ആവശ്യമായ പണം കാണുന്നതിനു നെഹ്റു നാലു മാർഗങ്ങളാണു നിർദ്ദേശിച്ചത്. (1) കേന്ദ്ര- സംസ്ഥാന ഗവൺമെൻറുകളുടെ വാർഷിക ബജറ്റുകളിൽ ചെലവുകഴിച്ച് ഉണ്ടാവുന്ന മിച്ചസംഖ്യ. (2) ഗവൺമെൻറിൻെറ ഉടമയിൽ നടക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളുടെ ലാഭം. ഇതു രണ്ടും മൂലധനമാക്കി മാറ്റുന്നതിനുപുറമെ ജനങ്ങളിൽനിന്നു പിരിക്കുന്ന നികുതി, അതുകൊ

ണ്ടും പോരാതെവരുന്ന സംഖ്യ കടംവാങ്ങൽ എന്നിവയാണ് മൂന്നും നാലും ധനാഗമമാർഗങ്ങളായി നെഹ്റു കണ്ടത്.

ഇതിൽ ആദ്യത്തേതു രണ്ടും കേന്ദ്ര-സംസ്ഥാനഗവൺമെൻറുകളുടെ വാർഷികബജറ്റുകളുടെ മിച്ചം, പൊതുമേഖലാസ്ഥാപനങ്ങളിൽ നിന്നുള്ള വരുമാനം, എന്നിവ- യാഥാർത്ഥ്യമാവണമെങ്കിൽ അനാവശ്യച്ചെലവ് കുറച്ചു ബജറ്റ് മിച്ചമുണ്ടാക്കാനും പൊതു-മേഖലാസ്ഥാപനങ്ങൾ ലാഭകരമായി നടത്താനും ഗവൺമെൻറിനു കഴിയണം. അതിനാകട്ടെ, വരുമാനം വർദ്ധിപ്പിക്കുകയും ചെലവു ചുരുക്കുകയും ചെയ്യുന്ന ഒരു ബജറ്റ് നയവും. പൊതുമേഖലാ സ്ഥാപനങ്ങൾ ആദായകരമായി നടത്തുന്നതിനു തൊഴിലാളികളുടേയും ജീവനക്കാരുടേയും സഹകരണവും വേണം. ഇതു രണ്ടുമാണ് നെഹ്റു തൊട്ടു നരസിംഹറാവുവരെയുള്ള കോൺഗ്രസ് പ്രധാനമന്ത്രിമാർക്കു ഇല്ലാതിരുന്നത്.

വരവിനേക്കാളധികം ചെലവുചെയ്യാനുള്ള പ്രവണത കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകൾ സദാ പ്രകടിപ്പിച്ചുകൊണ്ടിരുന്നു. അങ്ങനെ ബജറ്റുകമ്മി കൂടിക്കൂടി വന്നു. ആദ്യകാലത്തു നിത്യനിദാനച്ചെലവിൻേറതായ "റവന്യൂകണ"ക്കിൽ വലിയകമ്മിയുണ്ടായിരുന്നില്ല, ചിലപ്പോൾ മിതമായ മിച്ചം തന്നെയുണ്ടായിരുന്നു. എന്നാൽ, മൂലധനക്കണക്കിൽ കമ്മി ആദ്യം മുതൽക്കെവന്നു; പുതിയ പദ്ധതികൾക്കുവേണ്ടി മുടക്കുന്ന മൂലധനത്തിൻെറ പലിശയിലേയ്ക്കും മുതലിനുള്ള അടവിലേയ്ക്കും വേണ്ടപണം പൊതു-മേഖലാസ്ഥാപനങ്ങളുടെ കണക്കിൽ ഗവൺമെൻറിനു കിട്ടിയിരുന്നില്ല. പതുക്കെ പതുക്കെയായി നിത്യനിദാനച്ചെലവു സംബന്ധിച്ച റവന്യൂകണക്കുപോലും കമ്മിയാവാൻ തുടങ്ങി. റവന്യൂകണക്കും മൂലധനക്കണക്കും ചേർന്ന മൊത്തം ബജറ്റിലെ കമ്മി വർഷം-തോറും കൂടിക്കൊണ്ടിരുന്നു.

ഈ സാഹചര്യത്തിൽ പദ്ധതിക്കുവേണ്ട പണമുണ്ടാക്കാൻ ജനങ്ങളുടെമേൽ അധികമധികം നികുതി ചുമത്തുകയും കടംവാങ്ങുകയുമല്ലാതെ മറ്റുമാർഗങ്ങളില്ലായിരുന്നു. രാജ്യത്തിനകത്തുനിന്നും വെളിയിൽനിന്നും കടംവാങ്ങി നിത്യനിദാനച്ചെലവും മൂലധനച്ചെലവും നടത്തുകയെന്ന സ്ഥിതിവന്നു.

ഇതിൻെറ ഫലമായാണ് മൂന്നാംപദ്ധതിയവസാനിച്ചു നാലാംപദ്ധതി തുടങ്ങുന്നതിനു തൊട്ടുമുമ്പ് മൂന്നുവർഷക്കാലം "ആസൂത്രണത്തിനു അവധി" പ്രഖ്യാപിച്ചത്. അത് കഴിഞ്ഞ് നാലാംപദ്ധതി

തയ്യാറാക്കുന്ന ഘട്ടത്തിലാണ് ഈ ലേഖകൻ ദേശീയ വികസന കൗൺസിലിൻെറ ഒരു യോഗത്തിൽ ആസൂത്രണം സംബന്ധിച്ച കേന്ദ്രഗവൺമെൻറിൻെറ നയസമീപനമാകെ നിശിതമായി വിമർശിച്ചത്.

പിന്നീട് സിപിഐ (എം) മുഖ്യമന്ത്രിമാരായ ജ്യോതിബാസു, നൃപൻ ചക്രവർത്തി, ഇ കെ നായനാർ എന്നിവരും അതുചെയ്തു. നെഹ്റു ഗവൺമെൻറ് തുടങ്ങിവച്ച ആസൂത്രണപ്രക്രിയ അദ്ദേഹത്തിൻെറ പിൻഗാമികളുടെ കാലത്തു കൂടുതൽ കൂടുതൽ പ്രതിസന്ധിയിലേയ്ക്കു നീങ്ങുകയാണെന്ന താക്കീത് സിപിഐ (എം) മുഖ്യമന്ത്രിമാർ നൽകി.

ഇതു ചെവിക്കൊള്ളാൻ ഇന്ദിരാഗാന്ധിയൊ അവരുടെ പിൻഗാമികളൊ തയ്യാറായില്ല. നേരെമറിച്ചു, ഇന്ത്യക്കകത്തുനിന്നും വെളിയിൽനിന്നും അധികമധികം കടംവാങ്ങുക എന്ന മാർഗത്തിലേയ്ക്ക് അവർ നീങ്ങി. ആദ്യം വാങ്ങിയ കടത്തിൻെറ പലിശകൊടുക്കാൻപോലും വീണ്ടും കടംവാങ്ങുക കടപ്പലിശ കൊടുക്കാനുള്ള ബാധ്യത പ്രതിവർഷംകൂടുക, എന്ന സ്ഥിതിയിലേയ്ക്ക് ഇന്ത്യൻ ആസൂത്രണം ചെന്നെത്തി.

ഇതിൽ ഒരു പ്രധാനഘട്ടമാണ് 1980 കളുടെ ആദ്യവർഷങ്ങളിൽ ഇന്ദിരാഗാന്ധിയുടെ ഗവൺമെൻറ് ഐഎംഎഫിൽ നിന്നു ഒരു വൻതുക കടംവാങ്ങാൻ തീരുമാനിച്ചത്. അതിൻെറ ആപത്തിലേക്കു വിരൽചൂണ്ടിക്കൊണ്ടു ഇടതുപക്ഷ രാഷ്ട്രീയക്കാർമാത്രമല്ല ദേശസ്നേഹികളായ അർത്ഥശാസ്ത്രപണ്ഡിതന്മാരും മറ്റു സാമൂഹ്യശാസ്ത്രജ്ഞന്മാരും പ്രസ്താവനകളിറക്കി. ഇന്ദിരാഗവൺമെൻറ് അന്നുവാങ്ങാൻ തുടങ്ങിയ കടം ഇന്ത്യയെ അതിഭയങ്കരമായ ഒരു കടക്കെണിയിൽ കൊണ്ടെത്തിക്കുമെന്നു അവർ താക്കീതു നൽകി.

പക്ഷെ, ഇന്ദിരാഗാന്ധി അതു നിസാരമാക്കിതള്ളി, ഐഎംഎഫിൽനിന്നു കടംവാങ്ങുക തന്നെ ചെയ്തു. അതേസമയത്ത്, മുമ്പ് വാങ്ങിയകടത്തിൻെറ പലിശ കൊടുക്കലടക്കം ചെലവുവർദ്ധിച്ചതിൻെറ ഫലമായി റവന്യൂകണക്കിലും മൂലധനക്കണക്കിലും, മൊത്തം ധനക്കണക്കിലും കമ്മി കൂടിക്കൂടിവന്നു; "കടക്കെണി"യിൽ ചെന്നുവീഴുന്നതു സംബന്ധിച്ച ആദ്യകാല താക്കീത് യാഥാർത്ഥ്യമായിതീർന്നും നരസിംഹറാവു ഗവൺമെൻറ് അധികാരത്തിലെത്തുന്നതിനു തൊട്ടുമുമ്പ് പഴയ കടത്തിൻെറ മുതലൊ പലിശപോ

ലുമോ അടയ്ക്കാൻ നിവർത്തിയില്ലാതെ "ദീപാളികുളിക്കുക" എന്ന സ്ഥിതിയിലേയ്ക്ക് രാജ്യം ചെന്നെത്തി.

ഇതിൽനിന്നു "രാജ്യത്തെ രക്ഷിക്കാൻ" നരസിംഹറാവു ഗവൺമെൻറിൻെറ കയ്യിൽ ഒരൊറ്റമാർഗമെയുണ്ടായിരുന്നുള്ളൂ. ഐഎംഎഫിൽ നിന്നു വീണ്ടും കടംവാങ്ങുക. അതിനു ഐഎംഎഫ് നിർദ്ദേശിക്കുന്ന വ്യവസ്ഥകളിലൊന്നാവട്ടെ, നെഹ്റുവിൻെറ കാലംതൊട്ടു കെട്ടിപ്പടുത്തുണ്ടാക്കിയ പൊതുമേഖലാസ്ഥാപനങ്ങൾ ഇന്ത്യക്കാരും വിദേശികളുമായ കുത്തക മുതലാളിമാർക്ക് ചുരുങ്ങിയ വിലയ്ക്ക് വില്ക്കുകയാണുതാനും. അതോടൊപ്പം, ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിലേയ്ക്ക് ബഹുരാഷ്ട്രകുത്തകകൾ ഇഷ്ടംപോലെ കടന്നുവരാൻ അനുവദിക്കണമെന്ന വ്യവസ്ഥയും ഐഎംഎഫ് ഇന്ത്യയുടെമേൽ വച്ചുകെട്ടി.

അതായത്, ഏത് ഒഴിവാക്കാനാണൊ നെഹ്റു ഗവൺമെൻറ് പൊതുമേഖലാസ്ഥാപനങ്ങൾ വൻതോതിൽ വളർത്തിയെടുത്തത്, ആ ആപത്ത് -ബഹുരാഷ്ട്രകുത്തകകൾ ഇന്ത്യൻ വ്യവസായങ്ങളെ വിഴുങ്ങൽ- യാഥാർത്ഥ്യമാവാൻ വേണ്ട വ്യവസ്ഥകളാണ് ഐഎംഎഫ് ഇന്ത്യയുടെമേൽ വച്ചുകെട്ടിയത്.

ഇതിനെതിരെ വ്യാപകമായ പ്രതിഷേധം രാജ്യത്താകെ അലയടിച്ചുയർന്നുവരികയാണ്. തൊഴിലാളികളും കൃഷിക്കാരും മററധ്വാനിക്കുന്ന ജനവിഭാഗങ്ങളും മാത്രമല്ല "പുത്തൻസാമ്പത്തികനയങ്ങ"ളെ തുടക്കത്തിൽ സ്വാഗതംചെയ്ത വൻകിട മുതലാളിമാരിലൊരു വിഭാഗംപോലും ഈ നയത്തിൽ അസ്വസ്ഥത പ്രകടിപ്പിക്കാൻ തുടങ്ങിയിരിക്കുന്നു.

ബ്രിട്ടീഷ്ഭരണത്തിനെതിരായ സ്വാതന്ത്ര്യസമരത്തിൻെറ അഭേദ്യഭാഗമായിരുന്നു സാമ്പത്തികസ്വാതന്ത്ര്യം. മഹാത്മാഗാന്ധിയുടെ ഭാഷയിൽ ബ്രിട്ടീഷ്മുതലാളിമാർക്ക് ഇന്ത്യൻ വ്യവസായികളുമായി ഇഷ്ടംപോലെ മൽസരിക്കാൻ അവസരം കൊടുത്താൽ ഇന്ത്യൻ വ്യവസായമാകെ തകരും. അതുകൊണ്ടാണ് അദ്ദേഹത്തിൻെറ പരിപാടിയിൽ സ്വദേശിക്കും വിദേശചരക്കുകളുടെ ബഹിഷ്കരണത്തിനും മുഖ്യമായ സ്ഥാനംനൽകിയത്. ദേശീയസ്വാതന്ത്ര്യസമരത്തിൻേറതായ ആ പാരമ്പര്യമാണ് നരസിംഹറാവു ഗവൺമെൻറ് ഇപ്പോൾ ഉപേക്ഷിക്കുന്നത്.

ഇവിടെ ഒരു കാര്യം പ്രത്യേകമെടുത്തു പറയേണ്ടതുണ്ട്. ഇന്ത്യയോടു സ്വന്തം കമ്പോളം വിദേശീയകുത്തകക്കാർക്ക് തുറന്നുകൊ

ടുക്കാൻ "ഉപദേശിക്കു"ന്ന അമേരിക്കയും മറ്റു വികസിത മുതലാളിത്തരാഷ്ട്രങ്ങളും സ്വന്തം കമ്പോളം ഇന്ത്യൻ വ്യവസായികൾക്ക് തുറന്നുകൊടുക്കാൻ തയ്യാറില്ല. ഇന്ത്യാ നിർമ്മിതമായ പാവാട അമേരിക്കയിൽ വിൽക്കുന്നതിനെതിരെ അവിടെ നടന്ന പ്രക്ഷോഭമോർക്കുക.

ഡങ്കൽനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽനടന്ന ചർച്ചകളെത്തുടർന്നു ഇപ്പോൾ രൂപപ്പെടുന്ന "ലോകവ്യാപാരസംഘടന"യുടെ ഏതുതീരുമാനവും "അമേരിക്കൻ താല്പര്യ"ങ്ങൾക്ക് വിരുദ്ധമാണെന്നു കണ്ടാൽ അതംഗീകരിക്കാതിരിക്കാനുള്ള സ്വാതന്ത്ര്യം നിലനിർത്തിക്കൊണ്ടാണ് ഡങ്കൽകരാറിൽ അമേരിക്ക ഒപ്പിട്ടത്. അത്തരം വ്യവസ്ഥകളൊന്നും വയ്ക്കാതെ നിരുപാധികമായി കരാറിലൊപ്പിട്ട ഇന്ത്യയുടെയും മറ്റു പിന്നോക്കരാജ്യങ്ങളുടേയുംമേൽ കൂടുതൽ കൂടുതൽ കർശനമായ വ്യവസ്ഥകൾ അവർ വച്ചുകൊണ്ടിരിക്കുകയുമാണ്.

ബ്രിട്ടീഷ് സാമ്രാജ്യമേധാവികൾക്ക് ഭരണപരമായുണ്ടായിരുന്ന അധികാരത്തിനുപകരം ഇപ്പോൾ ബ്രിട്ടീഷുകാർക്കുകൂടി പങ്കുള്ളതെങ്കിലും. അമേരിക്കൻ നേതൃത്വത്തിലുള്ള ലോകമുതലാളിത്തത്തിനു ഇന്ത്യയടക്കമുള്ള പിന്നോക്കരാജ്യങ്ങളുടെമേൽ സാമ്പത്തികമായി അധികാരം സ്ഥാപിക്കാനാണവർ ശ്രമിക്കുന്നത്. അതിനു നിന്നുകൊടുക്കുകയാണ് നരസിംഹറാവു ഗവൺമെൻറ് ചെയ്യുന്നത്. അതുകൊണ്ടാണ് ഈ ലഘുഗ്രന്ഥത്തിനു "ആവടി സോഷ്യലിസത്തിൽനിന്ന് അർധകൊളോണിയൽ പദവിയിലേയ്ക്ക്" എന്ന തലക്കെട്ടു കൊടുത്തത്.

## 6. റാവു-സിങ്ങ് നയത്തിൻെറ രാഷ്ട്രീയപശ്ചാത്തലം

ഇവിടെ ഒരു ചോദ്യമുയർന്നുവരുന്നു: താരതമ്യേന പുരോഗമനപരമായ സമീപനമംഗീകരിക്കാൻ നെഹ്റുവിനെയും അതിൽനിന്നു പിന്തിരിയാൻ നരസിംഹറാവുവിനേയും പ്രേരിപ്പിച്ചതെന്താണ്? അവരിരുവരുടെയും വ്യക്തിപരമായ സ്വഭാവവിശേഷങ്ങളാണോ; അതോ ഇരുവരും രംഗത്തുവന്ന കാലത്തെ ആഗോളവും ദേശീയവുമായ പരിത:സ്ഥിതികളാണോ?

നെഹ്റുവിൻെറ സാമ്പത്തികനയങ്ങൾ രൂപപ്പെട്ട രാഷ്ട്രീയപ

ശ്ചാത്തലം ഇതിനുമുമ്പ് വിവരിച്ചിട്ടുണ്ട്: സാമ്രാജ്യശക്തികൾക്കെതിരായ ഒരു വിപ്ലവശക്തിയെന്നനിലയ്ക്ക് സോവിയറ്റ് യൂണിയൻ രംഗത്തുണ്ടായിരുന്നു; അതിൽ നിന്നു ആവേശമുൾക്കൊണ്ട ഏഷ്യൻ- ആഫ്രിക്കൻ-ലാറ്റിനമേരിക്കൻ രാജ്യങ്ങളിലെ സമരം ശക്തിപ്പെടുത്തുകയായിരുന്നു; ഇന്ത്യയെപ്പോലെ സമീപകാലത്തു സ്വാതന്ത്ര്യം നേടിയ രാജ്യങ്ങളിലെ സാമ്പത്തികവികസനം സാധ്യമാക്കുന്നതിനു സോവിയറ്റ് യൂണിയൻ സഹായംനൽകാൻ തുടങ്ങിയിരുന്നു. ഈ സാഹചര്യത്തിൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ പുരോഗമിപ്പിക്കുന്നതിനും അതിൽ ബൂർഷ്വാ ഭൂപ്രഭുവർഗങ്ങൾക്ക് മേൽക്കോയ്മയുണ്ടാക്കുന്നതിനും ശ്രമിക്കേണ്ടിയിരുന്നു.

ഇന്നാകട്ടെ, സോവിയറ്റ്യൂണിയൻ തകർന്നിരിക്കുന്നു. ലോകരാഷ്ട്രീയത്തിൽ മേൽക്കൈ സ്ഥാപിക്കാൻ അമേരിക്കക്ക് കഴിഞ്ഞിരിക്കുന്നു. നെഹ്റു ചെയ്തതുപോലെ, പരിമിതമായ തോതിലെങ്കിലും, സാമ്രാജ്യാധിപത്യത്തിൽനിന്നു സ്വതന്ത്രമായ ഒരു സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കാൻ കഴിയുകയില്ലെന്ന പ്രതീതിയുളവായിരിക്കുന്നു. ആ സ്ഥിതിക്ക് അമേരിക്കൻ നേതൃത്വത്തിലുള്ള ലോകബാങ്ക്, ഐഎംഎഫ് മുതലായവ വയ്ക്കുന്ന നിബന്ധനകൾ അംഗീകരിച്ച് ഇന്ത്യയെ അമേരിക്കൻ നേതൃത്വത്തിലുള്ള ലോകമേധാവിത്വത്തിന്റെ ഒരു അർദ്ധകോളനിയായി മാറ്റുന്നതാണു നല്ലതെന്ന പ്രതീക്ഷ ഉളവായിരിക്കുന്നു.

ഇതുകൊണ്ട് ഇന്ത്യയിലെ ബൂർഷ്വാ-ഫ്യൂഡൽ വർഗങ്ങളുടെ തലപ്പത്തിരിക്കുന്നവർക്ക് ധാരാളം നേട്ടങ്ങളുണ്ടാക്കാൻ കഴിയുകയും ചെയ്യും. ലോകമുതലാളിത്തത്തിന്റെ ആധീനരാജ്യമെന്ന നിലയിലാണെങ്കിലും പരിമിതമായ തോതിൽ വ്യവസായവൽക്കരണം നടത്താൻ കഴിയും; ബഹുരാഷ്ട്രക്കുത്തകകൾ സ്വയം കൊള്ളയടിക്കുന്ന മുതലിൽ ഒരു ചെറിയ പങ്കുപറ്റാൻ ഇന്ത്യയിലെ ബൂർഷ്വാ ഭൂപ്രഭുവർഗങ്ങളുടെ തലപ്പത്തിരിക്കുന്ന ഒരുപിടി കുത്തകക്കാർക്കു കഴിയും.

പോരെങ്കിൽ, ബഹുരാഷ്ട്രക്കുത്തകകളുടെ സഹായസഹകരണത്തോടെ വികസിക്കുന്ന വ്യവസായങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന ഉപഭോഗച്ചരക്കുകൾ ഇടത്തരക്കാരിലൊരു വിഭാഗത്തിന്റെ ആഡംബരജീവിതത്തിനു സഹായിക്കുകയും ചെയ്യും. അങ്ങനെ നരസിംഹറാവു ഗവർമെണ്ടിന്റെ ആഗോളവൽക്കരണം, ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം എന്നിവയ്ക്കനുകൂലമായി പൊതുജനാഭിപ്രായം വളർന്നുവരുന്നു; അതു വളർ

ത്താൻ കുത്തകമുതലാളിമാരുടെ മേധാവിത്വത്തിലുള്ള പത്രമാധ്യ മങ്ങളും സർക്കാർ നിയന്ത്രണത്തിലുള്ള റേഡിയോ, ടെലിവിഷൻ മുതലായവയും കിണഞ്ഞു ശ്രമിക്കുയും ചെയ്യുന്നു.

ഇതിൻെറ ഫലമായി ഇന്ത്യൻ മുതലാളിമാരിലൊരു വിഭാഗം നരസിംഹറാവു ഗവർമെണ്ടിൻെറ "പുത്തൻ സാമ്പത്തികനയ" ങ്ങൾക്ക് തുടക്കത്തിൽ പിന്തുണ നൽകി. പക്ഷെ, തങ്ങളെ പാപ്പരാ ക്കാൻ ആഗോളവൽക്കണം പ്രയോജനപ്പെടുന്നതു കണ്ടറിഞ്ഞ ഇന്ത്യൻ മുതലാളിമാരിലൊരു വിഭാഗം പിന്നീട് ഈ നയങ്ങളെ എതിർക്കാൻ തുടങ്ങി. വിദേശക്കുത്തകകൾക്ക് ഇന്ത്യയിൽ പത്ര ങ്ങൾ തുടങ്ങാനും ആഴക്കടലിൽ മൽസ്യബന്ധനം നടത്താനും അനുവദിക്കാനുള്ള നീക്കങ്ങളെ "മലയാളമനോരമ" പോലുള്ള പത്രങ്ങൾ എതിർക്കുകയുണ്ടായി.

ഈ പ്രവണത ഇനി കൂടുതൽ വർധിക്കുകതന്നെ ചെയ്യും. എന്തുകൊണ്ടെന്നാൽ ഈ നയങ്ങളുടെ പ്രയോഗം നിമിത്തം ഇന്ത്യൻ വ്യവസായികൾ മുഴുവൻ തകർച്ചയിലേക്കു നീങ്ങുകയാണ്.

തൊഴിലാളി-കർഷകാദി ബഹുജനങ്ങളാകട്ടെ മുതലാളി വിഭാ ഗങ്ങളെ അപേക്ഷിച്ചു എത്രയോ കൂടുതൽ ദുരിതപൂർണമായ അവസ്ഥയിലേക്കാണു നീങ്ങുന്നത്. അതുകൊണ്ടാണ് ട്രേഡ്‌യൂണി യനുകൾ തൊട്ട് ഇടതുപക്ഷ മതനിരപേക്ഷ ജനാധിപത്യശക്തിക ളുടെ ഉറച്ച സഹകരണത്തോടെ, "പുത്തൻ സാമ്പത്തികനയ"ങ്ങൾ ക്കെതിരെ സംഘടിതമായി പോരാടുന്നത്.

ഈ പോരാട്ടത്തെ നേരിടുന്നതിനു ഭരണവൃത്തങ്ങളിൽ നിന്ന് ഒരു ചോദ്യമുയർന്നുവന്നിട്ടുണ്ട്: ഇപ്പോൾ നരസിംഹറാവു ഗവർമെണ്ട് തുടരുന്നതല്ലാതെ മറ്റുവല്ല മാർഗവും നമ്മുടെ മുന്നി ലുണ്ടോ? ലോക കമ്പോളവുമായി ബന്ധംവച്ചു നാം ഉൽപാദിപ്പി ക്കുന്ന ചരക്കുകൾ അന്യരാജ്യങ്ങളിലേക്കു കയറ്റിയയക്കുകയും നമുക്കാവശ്യമുള്ള ഉപഭോഗസാമഗ്രികൾ, ഉൽപാദനോപകരണങ്ങ ളും ചരക്കുകളും, സാങ്കേതികവിദ്യ, മൂലധനം എന്നിവ ഇറക്കുമതി ചെയ്യുകയുമെന്ന മാർഗമുപേക്ഷിച്ചാൽ നമുക്കു വളർച്ചയുണ്ടാവുമോ?

ലോകബാങ്കിനെയും ഐഎംഎഫിനെയും ഗാട്ടിനെയും ആശ്ര യിച്ചല്ലാതെ ഇന്ത്യയ്ക്കു പുരോഗതിയില്ലെന്നു സ്ഥാപിക്കാനാണു ഈ ചോദ്യങ്ങൾ അവർ ഉന്നയിക്കുന്നത്. ഇതു ശരിയല്ലെന്നു സ്ഥാ പിക്കാൻ ഇവിടെ ഒരുകാര്യം വ്യക്തമാക്കട്ടെ: ലോകകമ്പോളവുമാ

യി ബന്ധം വയ്ക്കാതെ, ഈ ഭൂഗോളത്തിൽ ഒരു ദ്വീപായി ഇന്ത്യയ്ക്കു നിൽക്കാൻ കഴിയുമെന്ന വ്യാമോഹം നരസിംഹറാവു ഗവർമെണ്ടിൻെറ നയങ്ങളെ എതിർക്കുന്നവർക്കില്ല. നാം ഉൽപാദിപ്പിക്കുന്ന ചരക്കുകൾ ലോകകമ്പോളത്തിൽ വിൽക്കേണ്ടന്നോ നമുക്കാവശ്യമുള്ള (യന്ത്രങ്ങളും സാങ്കേതികവിദ്യകളുമടക്കം) വാങ്ങേണ്ടന്നോ സാമാന്യബുദ്ധിയുള്ള ഒരാൾക്കും പറയാൻ വയ്യ. നമ്മുടെ സാധനങ്ങൾ ലോകകമ്പോളത്തിൽ വിൽക്കുകയും നമുക്കാവശ്യമായത് ലോകകമ്പോളത്തിൽ നിന്നു വാങ്ങുകയും ചെയ്യുന്നതിന് ലോകബാങ്കും ഐഎംഎഫും ഗാട്ടും വയ്ക്കുന്ന നിബന്ധനകൾ അംഗീകരിക്കരുതെന്നേ പറയുന്നുള്ളൂ.

ജനസംഖ്യയുടെ കാര്യത്തിൽ ചൈന കഴിഞ്ഞാൽ രണ്ടാമത്തെ രാജ്യമാണ് നമ്മുടേത്. ഇവിടുത്തെ ൮൦ കോടിയിലധികം വരുന്ന ജനങ്ങൾ ആഗോളവ്യാപാരമെന്ന ചങ്ങലയിലെ ഒരു പ്രധാന കണ്ണിയാണ്. ഈ വിശാലമായ കമ്പോളം അമേരിക്കയടക്കമുള്ള മുതലാളിത്ത കോയ്മകൾക്കുപോലും വിടാൻവയ്യ. അവരിൽ നിന്നു മൂലധനവും യന്ത്രോപകരണാദി ഉൽപാദന സാമഗ്രികളും സാങ്കേതികവിദ്യകളും കിട്ടുന്നതിൻെറ ആവശ്യം നമുക്കുള്ളതുപോലെതന്നെ, സ്വന്തം ഉൽപ്പന്നങ്ങളും കൈവശമുള്ള മൂലധനവും സാങ്കേതികവിദ്യയും വിൽക്കാനുള്ള കമ്പോളമായി ഇന്ത്യയെ ഉപയോഗിക്കുന്നത് അവർക്കും ആവശ്യമല്ലേ? ആനിലയ്ക്ക് സമൻമാരെന്ന നിലയ്ക്കു വിലപേശാൻ നമുക്കുകഴിയും; ആ ആത്മവിശ്വാസം നമ്മുടെ പ്രതിനിധികളടങ്ങുന്ന ഇന്ത്യാ ഗവർമെണ്ടിനുണ്ടാവണമെന്നേയുള്ളൂ.

നമ്മെയെന്നപോലെ സോഷ്യലിസ്റ്റ് രാജ്യങ്ങളായ ചൈനയേയും വിയറ്റ്നാമിനെയും കൊറിയയെയും വിരട്ടാൻ ക്ലിൻറൺെറ അമേരിക്ക ശ്രമിച്ചു.

"മനുഷ്യാവകാശം സംബന്ധിച്ചു തങ്ങൾ പറയുന്നതു കേട്ടില്ലെങ്കിൽ ചൈനയുടെ ചരക്കുകൾ അമേരിക്കയിൽ വിൽക്കാനോ അമേരിക്കൻ ചരക്കുകൾ ചൈനക്കു വിൽക്കാനോ അനുവദിക്കുകയില്ലെന്നു ക്ലിൻറൺ ചൈനയെ ഭീഷണിപ്പെടുത്തി. അങ്ങനെ ചെയ്താൽ ചൈനയ്ക്കുള്ളതിനേക്കാൾ ഒട്ടും കുറയാത്ത നഷ്ടം അമേരിക്കക്കുണ്ടാകുമെന്നു ചൈനീസ് നേതാക്കൾ ഓർമ്മിപ്പിച്ചു. അവസാനം ക്ലിൻറൺ കീഴടങ്ങി".

ഇതുപോലെ ആണവോർജത്തിൻെറ കാര്യത്തിൽ കൊറിയ

യെ ക്ലിൻറൺ ഭീഷണിപ്പെടുത്തി. പക്ഷെ, കൊറിയൻ നേതാക്കൾ ഉറച്ചുനിന്നതിനാൽ അവസാനം ക്ലിൻറന് കീഴടങ്ങേണ്ടിവന്നു.

ഇതിൽനിന്നും ഭിന്നമാണ് ഇന്ത്യയുടെ സ്ഥിതി. ആഗോള മുതലാളിത്ത സ്ഥാപനങ്ങളുടെ ഭാരവാഹിയെന്ന നിലയ്ക്ക് ഏറെക്കാലം പ്രവർത്തിച്ച മൻമോഹൻസിങ്ങ് ലോകബാങ്ക്-ഐഎംഎഫ് കുറിപ്പടികൾ അതേപോലെ ഇന്ത്യയിൽ നടപ്പിൽവരുത്താൻ ശ്രമിക്കുകയാണ്. അതിൻെറ ഫലമാകട്ടെ കൂടുതൽക്കൂടുതൽ അപമാനകരമായ നിബന്ധനകൾ അംഗീകരിക്കാൻ ഇന്ത്യ നിർബന്ധിക്കപ്പെടുകയാണ്.

ഇതവസാനിപ്പിച്ച് ആത്മവിശ്വാസത്തോടെ സ്വന്തം കാലിൽനിന്നു നമ്മുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ സഹായിക്കുന്ന വ്യവസ്ഥകൾ ലോകബാങ്കിനെക്കൊണ്ടും ഐഎംഎഫിനെക്കൊണ്ടും ഗാട്ടിനെക്കൊണ്ടും സ്വീകരിപ്പിക്കണമെന്നാണ് നരസിംഹറാവു ഗവർമെണ്ടിൻെറ നയങ്ങളെ വിമർശിക്കുന്നവർ നിഷ്കർഷിക്കുന്നത്.

## 7 നെഹ്റുമാർഗത്തിലേക്കുള്ള തിരിച്ചുപോക്കല്ല

റാവു-മൻമോഹൻ നയത്തെ ഈ ലഘുഗ്രന്ഥത്തിൽ നിശിതമായി വിമർശിച്ചതിനർഥം നെഹ്റുമാർഗം പുനരുദ്ധരിക്കണമെന്നല്ല. അതിനു ശ്രമിക്കുന്നതുകൊണ്ട് ഇന്നത്തെ പ്രശ്നം പരിഹരിക്കപ്പെടുകയില്ലെന്നു മാത്രമല്ല., അത് പ്രായോഗികവുമല്ല.

ഇതിനു മുമ്പ് വിവരിച്ചതുപോലെ സോവിയറ്റുയൂണിനും മറ്റു സോഷ്യലിസ്റ്റ് രാജ്യങ്ങളും ഒരു ലോകശക്തിയായി നിന്നിരുന്ന കാലത്താണ് നെഹ്റുമാർഗം രൂപപ്പെട്ടത്. ആ സോഷ്യലിസ്റ്റ്-ലോകം ഇപ്പോൾ അന്തർധാനം ചെയ്തിരിക്കുനു. അതിൻെറ മാതൃക ഇന്ത്യയ്ക്ക് ആകർഷകമായി തോന്നി.

എന്നാൽ നാലു പതിറ്റാണ്ട് കഴിഞ്ഞപ്പോഴേക്ക് സോവിയറ്റുമാതൃകയിലുള്ള വികസനത്തിൻെറ മെച്ചങ്ങളോടൊപ്പം ദൗർബല്യങ്ങളുമുണ്ടെന്നതും തുറന്നുകാട്ടപ്പെട്ടു. ആ മാർഗം അംഗീകരിക്കാൻ അന്നുണ്ടായിരുന്ന പ്രേരണ ഇന്നില്ല.

പക്ഷെ, ആ മാർഗം നെഹ്റു അംഗീകരിച്ചതിൻെറ ഫലമായി വ്യവസായവൽക്കരണത്തിൻെറ പാതയിലേക്കു ഇന്ത്യ നീങ്ങി.

ഭാവി വികസനത്തിൽ മർമ്മപ്രധാനമായ സ്ഥാനംവഹിക്കുന്ന ഘനവ്യവസായങ്ങൾ ഉയർന്നുവരിക മാത്രമല്ല, വ്യവസായവൽക്കരണത്തിന് ഒഴിച്ചുകൂടാത്ത ശാസ്ത്രസാങ്കേതിക വിദ്യകളിൽ അഭിമാനകരമായ നേട്ടം ഇന്ത്യയ്ക്കുണ്ടാവുകയും ചെയ്തു. ഈ നേട്ടങ്ങൾ ഉറപ്പിക്കാൻ ശ്രമിക്കുന്നതിനു പകരം അവയെ ഉപേക്ഷിക്കുകയാണ് റാവു-മൻമോഹൻ ദ്വന്ദം ചെയ്യുന്നതെന്നാണ് നമ്മുടെ വിമർശനം.

സോഷ്യലിസ്റ്റ് ലോകം ഇന്നില്ലെങ്കിലും, മുതലാളിത്തകോയ്മകളുടെ മേധാവിത്വവും ക്ഷീണിച്ചിരിക്കുന്നു. അമേരിക്ക, യൂറോപ്പ്, ജപ്പാൻ എന്ന മൂന്നു വൻശക്തികളായിതിരിഞ്ഞ മുതലാളിത്തത്തിനകത്ത് രൂക്ഷമായ വൈരുധ്യങ്ങളും ഭിന്നിപ്പുകളും ഉണ്ട്. അതുപയോഗിച്ച് ഇന്ത്യയുടെ വ്യവസായവൽക്കരണത്തിനാവശ്യമായ ഉൽപാദനചരക്കുകൾ, മൂലധനം, ശാസ്ത്രസാങ്കേതിക വിദ്യകൾ എന്നിവ, പരസ്പര സഹായത്തിൻെറ അടിസ്ഥാനത്തിൽ, അമേരിക്കൻ ഐക്യനാടുകളൊഴിച്ചുള്ള മുതലാളിത്തകോയ്മകളിൽ നിന്നു നേടിയെടുക്കാനുള്ള സാധ്യത വളർന്നുവന്നിരിക്കുകയാണ്.

എന്നാൽ ഇതുമൂലം വളർന്നുവരുന്ന പുതിയ സുവർണാവസരം ഉപയോഗിക്കണമെങ്കിൽ, നെഹ്റുമാർഗത്തിൻെറ ഭാഗമായിരുന്ന ദൗർബല്യങ്ങൾ ഇല്ലാതാക്കി ഇന്ത്യൻ സമ്പദ്വ്യവസ്ഥയെയും രാഷ്ട്രീയ ഭരണവ്യവസ്ഥയെയും ജനാധിപത്യവൽക്കരിക്കണം. ഇടതുപക്ഷ മതനിരപേക്ഷ ജനാധിപത്യ ശക്തികളുടെയും തൊഴിലാളി കർഷകാദി ബഹുജനങ്ങളുടെയും പൊരുതുന്ന സംഘടനകളുടെയും ആത്മാർഥമായ സഹായസഹകരണം നേടിക്കൊണ്ടല്ലാതെ നെഹ്റുമാർഗം വിജയിക്കുകയില്ലെന്നു രണ്ടാം പഞ്ചവൽസരപദ്ധതിയെ അവലോകനം ചെയ്തുകൊണ്ട് അവിഭക്ത കമ്മ്യൂണിസ്റ്റു പാർടിയുടെ നാലാം കോൺഗ്രസ് ചൂണ്ടിക്കാണിച്ചിരുന്നുവല്ലോ. ആ നിർദേശം അംഗീകരിക്കാൻ നെഹ്റു ജീവിച്ചിരുന്ന കാലത്ത് അദ്ദേഹമോ അന്തരിച്ചതിനുശേഷമുള്ള കോൺഗ്രസ് ഗവർമെണ്ടുകളോ തയാറായിരുന്നില്ല. ഈ മൗലിക ദൗർബല്യം പരിഹരിക്കുന്നതാണ് ഇന്നത്തെ പ്രധാന കടമ.

ഇതു പരിഹരിച്ചാൽ വികസനം സുഗമമാക്കാമെന്നതിൻെറ ദൃഷ്ടാന്തമാണ് 17 വർഷക്കാലമായി അധികാരത്തിലിരിക്കുന്ന പശ്ചിമബംഗാളിലെ ഇടതുപക്ഷ ഗവർമെണ്ടിനു -കേന്ദ്രഗവർമെണ്ടിൻെറ കർശന നിബന്ധനകൾക്കു വിധേയമായി മാത്രമേ സംസ്ഥാനഗവർമെണ്ടിനു പ്രവർത്തിക്കാൻ കഴിയുകയുള്ളൂവെങ്കിൽപ്പോ

ലും -ഉണ്ടാക്കാൻ കഴിഞ്ഞ നേട്ടം.

കോൺഗ്രസ് നേതൃത്വത്തിലുള്ള സംസ്ഥാന ഗവർമെണ്ടുകളും പശ്ചിമബംഗാളിലെ ഇടതുപക്ഷ ഗവർമെണ്ടും തമ്മിൽ രണ്ടു വ്യത്യാസമുണ്ട്.

ഒന്നാമത്, കോൺഗ്രസ് ഗവർമെണ്ടുകൾ നടപ്പിലാക്കാത്ത മൗലികമായ ഭൂനിയമപരിഷ്കാരം പശ്ചിമബംഗാൾ ഗവർമെണ്ട് ഫലപ്രദമായി നടപ്പിലാക്കി; പാവപ്പെട്ട കൃഷിക്കാരെയും കാർഷികത്തൊഴിലാളികളെയും മറ്റു ഗ്രാമീണ ദരിദ്രരെയും ചൂഷണത്തിൽ നിന്നു മോചിപ്പിച്ച് അവരെ ഉൽപാദന പ്രക്രിയയിൽ സജീവ പങ്കാളികളാക്കി. ഇത് ഉൽപാദനം വർധിക്കുന്നതിനുപകരിച്ചു.

രണ്ടാമത്, കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി, അധികാര വികേന്ദ്രീകരണം പശ്ചിമബംഗാളിൽ വ്യാപകമായി നടപ്പിലാക്കി. സംസ്ഥാന ഗവർമെണ്ടിൽ നിക്ഷിപ്തമായ അധികാരങ്ങളും ധനാഗമമാർഗങ്ങളും വൻതോതിൽ ത്രിതല പഞ്ചായത്തു സ്ഥാപനങ്ങൾക്കു വിട്ടുകൊടുത്തു.

ഈ രണ്ടു പരിഷ്കാരങ്ങളുടെ ഫലമായി കൃഷി, വൻകിട ഒഴിച്ചുള്ള വ്യവസായങ്ങൾ, വിദ്യാഭ്യാസവും സംസ്കാരവും വൈദ്യസഹായവും അടക്കമുള്ള സാമൂഹ്യസേവന മേഖലകൾ എന്നിവയുടെ പ്രവർത്തനം വിജയപ്രദമായി നടത്താൻ പ്രാദേശികതലത്തിൽ ജനങ്ങൾക്കു കഴിഞ്ഞു. ഇതിൻെറ ഫലം അത്ഭുതാവഹമാണ്: ഇടതുപക്ഷ മുന്നണിയുടെ നിശിത വിമർശകരായ രാഷ്ട്രീയ നിരീക്ഷകരും പത്രമാധ്യമങ്ങളും പോലും ചൂണ്ടിക്കാണിക്കുന്നതുപോലെ, ഗ്രാമീണതലത്തിലെ ഉൽപാദനമേഖലകൾ (കൃഷിമാത്രമല്ല ചെറുകിട വ്യവസായങ്ങളും) മറ്റ് ഏതു സംസ്ഥാനത്തിനും ഉള്ളതിനേക്കാൾ ത്വരിതമായി പുരോഗമിക്കുന്നു.

ഇതിനുള്ള ഒരു പ്രധാന കാരണം 1977 ൽ അധികാരത്തിൽ എത്തിയതുതൊട്ട് ഇന്നോളം പശ്ചിമബംഗാളിൽ ഭരണസ്ഥിരത ഉണ്ടായിരുന്നുവെന്നതാണ്. ഇത് ഇല്ലാത്തതാണ് കേരളത്തിൻെറ പിന്നോക്കാവസ്ഥയ്ക്കുള്ള കാരണം.

ഇപ്പോൾ പ്രതീക്ഷിക്കുന്നതുപോലെ, അടുത്ത തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിലേക്കു തിരിച്ചുവരികയും അതിനു പശ്ചിമബംഗാളിൽ എന്നപോലെ ഭരണസ്ഥിരത ഉണ്ടാവുകയും ചെയ്താൽ കേരളത്തിലും ഈ സ്ഥിതി തന്നെ വരും.

എന്തുകൊണ്ടെന്നാൽ, ഇവിടെ 1957ൽ തുടങ്ങിവെച്ച ഭൂനിയമപരിഷ്കാരം 1969 ഓടെ പൂർത്തിയായി; 57ൽ തന്നെ തുടങ്ങിയ അധികാര വികേന്ദ്രീകരണ പ്രക്രിയയും 1980 കളുടെ അവസാനത്തോടു കൂടി പൂർത്തിയായി. 1990 കളായപ്പോഴേക്കു കോൺഗ്രസ് (ഐ) നേതൃത്വത്തിലുള്ള കമ്മ്യൂണിസ്റ്റുവിരുദ്ധമുന്നണി തകരുകയും ചെയ്തു.

ഈ സാഹചര്യത്തിൽ അടുത്ത രൂപംകൊള്ളാനിരിക്കുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നേതൃത്വത്തിൽ കേരളത്തിലും ഉൽപാദനവർധനവിനെ ആസ്പദമാക്കിയ വികസനപ്രക്രിയ മുന്നോട്ടുപോകുമെന്നു പ്രതീക്ഷിക്കാം.

അഖിലേന്ത്യാതലത്തിൽ കോൺഗ്രസിൻെറ തകർച്ചയും ഇടതുപക്ഷ ദേശീയ മുന്നണി കൂട്ടുകെട്ടിൻെറ ഉയർച്ചയും തുടങ്ങിയിട്ടുള്ള ഇന്നത്തെ രാഷ്ട്രീയസാഹചര്യത്തിൽ മറ്റ് എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രത്തിൽത്തന്നെയും ഇടതുപക്ഷ-മതനിരപേക്ഷ-ജനാധിപത്യ ശക്തികളുടെ നേതൃത്വത്തിൽ വികസനപ്രക്രിയയ്ക്ക് ഒരു പുതിയ (നെഹ്റുവിൻെറയോ റാവുവിൻെറയോ അല്ലാത്ത) മാതൃക രൂപപ്പെടുത്താൻ കഴിയും. നെഹുറുമാർഗത്തിനുണ്ടായിരുന്ന നേട്ടങ്ങൾ നിലനിർത്തിക്കൊണ്ടും അതിൻെറ കോട്ടങ്ങൾ ഇല്ലാത്തതുമായ ഒരു പുതിയ ജനകീയ മാതൃക രൂപപ്പെടുത്താൻ കഴിയും.

ഇതിന് രണ്ടു മൗലിക കാര്യങ്ങളാണ് ആവശ്യം:

നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ, ലോകബാങ്കിനോടും ഐഎംഎഫിനോടും ഗാട്ടിനോടുമുള്ള വിധേയത്വം വിട്ട് സ്വന്തം കാലിൽ നിൽക്കാൻ വേണ്ട ചങ്കൂറ്റം കാണിക്കുന്ന ഒരു പുതിയ ഇന്ത്യാ ഗവർമെണ്ട് നിലവിൽ വരണം.

കൂടാതെ, പശ്ചിമബംഗാളിൽ പ്രയോഗത്തിൽ വരുത്തിക്കണ്ട ജനകീയവികസന മാതൃക ഇന്തയ്ക്ക് ആകെ ബാധകമാക്കണം.


ഈ കാഴ്ച്ചപ്പാടോടെ വ്യവസായവൽക്കരണമടക്കമുള്ള എല്ലാ മേഖലകളെയും ബാധിക്കുന്ന ഒരു ഇന്ത്യൻ ആസൂത്രണ മാതൃക രൂപപ്പെടുത്തി എടുക്കുന്നതിന് അക്കാദമീയ പണ്ഡിതൻമാർ, സാമൂഹ്യ-രാഷ്ട്രീയ രംഗങ്ങളിലെ പ്രായോഗിക പ്രവർത്തകർ, ഭരണരംഗത്തടക്കം എല്ലാ മേഖലകളിലും വൈദഗ്ധ്യം നേടിയ

വർ എന്നിവരെയെല്ലാം വിളിച്ച്, അവരുടെ സഹായത്തോടെ ഒരു പുതിയ ഇന്ത്യൻ ആസൂത്രണ രൂപരേഖ ആവിഷ്കരിക്കണം.

നെഹ്റുമാർഗം അംഗീകരിച്ചപ്പോൾ തന്നെ തുടങ്ങിയെങ്കിലും റാവു-മൻമോഹൻമാരുടെ കാലത്ത് മൂർച്ഛിച്ച സാമ്പത്തികവും രാഷ്ട്രീയവുമായ പ്രതിസന്ധിക്കുള്ള പരിഹാരമാർഗം ഇതു മാത്രമാണ്.

(അവസാനിച്ചു)

തിരുവനന്തപുരം
2-1-95



അച്ചടി: പി കൃഷ്ണപിള്ള മെമ്മോറിയൽ പ്രിൻറിങ്ങ് ആൻഡ് പബ്ലിഷിങ്ങ് കമ്പനി
പ്രൈ. ലിമിറ്റഡ്, ദേശാഭിമാനി റോഡ്, തിരുവനന്തപുരം- 695 001

# ആവടി സോഷ്യലിസത്തിൽനിന്ന് അർധകൊളോണിയൽ പദവിയിലേക്ക്

ഇ.എം.എസ് നമ്പൂതിരിപ്പാട്

Library & Research Center

335

(സി.പി.ഐ എം കേരള സംസ്ഥാനകമ്മിറ്റി പ്രസിദ്ധീകരിക്കുന്നത്)

വില: 1.00

Indic Digital Archive Foundation
gpura.org